VOL NO: 08 I ISSUE 06
2024 FEBRUARY 10 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



കർമോത്സുകത കൊണ്ട് വസന്തകാലം തീർക്കുന്ന യുവത്വത്തെ ദാർശനികമായ അപഥസഞ്ചാരത്തിലേക്ക് നയിച്ച് മോഹഭംഗത്തിന്റെ പാതാളക്കുഴിയിലേക്ക് എടുത്തെറിയുകയാണ് 'പുരോഗമനാശയങ്ങൾ.' പഴിക്കേണ്ടത് 'കെട്ട കാല'ത്തെയല്ല, ദിശ നഷ്ടപ്പെട്ട ജീവിതരീതികളെയാണ്.

## യുവത്വം നിർവചിക്കപ്പെടണം

### നേതൃത്വവും അനുയായികളും ശ്രദ്ധിക്കേണ്ടത്

- || നമ്മുടെ യജമാനൻ ധനികനാണ്
- || സങ്കൽപവീട്ടിലെ സ്വപ്നജീവികൾ
- || അഭിപ്രായ വ്യത്യാസങ്ങൾ; വിശ്വാസിയുടെ നിലപാട്




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Psrint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**



0367
# നേർപഥം
വാരിക

2024 ഫെബ്രുവരി 10
1445 റജബ് 29
പുസ്തകം 08 / ലക്കം 06






**04** കുടുംബ പഥം
നമ്മുടെ യജമാനൻ ധനികനാണ്!
മർസൂക് അൽഹികമി അടിവാരം

**05** മുഖമൊഴി
നേതൃത്വവും അനുയായികളും ശ്രദ്ധിക്കേണ്ടത്

**06** ലേഖനം
അഭിപ്രായ വ്യത്യാസങ്ങൾ; വിശ്വാസിയുടെ നിലപാട്
ഹംസ അഫ്ഹം അൽഹികമി

**18** ലേഖനം
സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**25** ഹദീസ് പാഠം
ഐഹിക ജീവിതത്തിന്റെ ഉപമകൾ
ഉസ്മാൻ പാലക്കാഴി


കവർ സ്റ്റോറി





**10** മുജീബ് ഒട്ടുമ്മൽ


കർമോത്സുകത കൊണ്ട് വസന്തകാലം തീർക്കുന്ന യുവത്വത്തെ ദാർശനികമായ അപഥസഞ്ചാരത്തിലേക്ക് നയിച്ച് മോഹഭംഗത്തിന്റെ പാതാളക്കുഴിയിലേക്ക് എടുത്തെറിയുകയാണ് 'പുരോഗമനാശയങ്ങൾ.'പഴിക്കേണ്ടത് 'കെട്ട കാല'ത്തെയല്ല, ദിശ നഷ്ടപ്പെട്ട ജീവിതരീതികളെയാണ്.


**26** വിമർശനം
സങ്കൽപവീട്ടിലെ സ്വപ്നജീവികൾ
മൂസ സ്വലാഹി കാര

**31** ലേഖനം
ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും
ശാഹുൽ പാലക്കാട്

**34** ബാലപഥം
പുലരിയുടെ സൗന്ദര്യം
അബൂഫായിദ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

മർസൂക് അൽഹികമി
അടിവാരം

# നമ്മുടെ യജമാനൻ ധനികനാണ്!

എൺപതിനോടടുത്ത് പ്രായമുള്ള വയോവൃദ്ധൻ, വാർധക്യത്തിന്റെ മുഴുവൻ അവശതകളും അദ്ദേഹത്തിനുണ്ട്. തലമുടി വെളുത്ത് അപ്പൂപ്പൻതാടി പോലെയായിട്ടുണ്ട്. പ്രസവിക്കാൻ ഒരു സാധ്യതയുമില്ലാത്ത ഭാര്യയോടൊപ്പം ഒരു കുഞ്ഞിക്കാല് കാണാനായി അദ്ദേഹം പ്രാർഥിക്കുന്നു. ഒരു കുഞ്ഞിനെ ലഭിക്കും എന്ന പ്രതീക്ഷയിൽ തന്നെ! മഹാനായ സകരിയ്യാ നബി(അ)യുടെ ചരിത്രമാണിത്!

“അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, എന്റെ എല്ലുകൾ ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു. തലയാണെങ്കിൽ നരച്ചു തിളങ്ങുന്നതായിരിക്കുന്നു. എന്റെ രക്ഷിതാവേ, നിന്നോട് പ്രാർഥിച്ചിട്ട് ഞാൻ ഭാഗ്യം കെട്ടവനായിട്ടില്ല. എനിക്ക് പുറകെ വരാനുള്ള ബന്ധുമിത്രാദികളെപ്പറ്റി എനിക്ക് ഭയമാകുന്നു. എന്റെ ഭാര്യയാണെങ്കിൽ വന്ധ്യയുമാകുന്നു. അതിനാൽ നിന്റെ പക്കൽനിന്ന് നീ എനിക്ക് ഒരു ബന്ധുവെ (അവകാശിയെ) നൽകേണമേ. എനിക്ക് അവൻ അനന്തരാവകാശിയായിരിക്കും. യഅ്ഖൂബ് കുടുംബത്തിനും അവൻ അനന്തരാവകാശിയായിരിക്കും. എന്റെ രക്ഷിതാവേ, അവനെ നീ (ഏവർക്കും) തൃപ്തിപ്പെട്ടവനാക്കുകയും ചെയ്യേണമേ” (ഖുർആൻ 19:4-6).

നമ്മുടെ പ്രാർഥനകൾക്ക് പിന്നിൽ ഇങ്ങനെയൊരു ദൃഢപ്രതീക്ഷയുണ്ടാകാറുണ്ടോ? വിവാഹം കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടിട്ടും ഒരു കുഞ്ഞിനെ കിട്ടാത്തതിനാൽ നിരാശപ്പെട്ടു കഴിയുന്നവർ ഏറെയുണ്ട്. പലരും ഈ വിഷയത്തിൽ ശിർക്കിന്റെ പടുകുഴിയിൽ പതിച്ച വാർത്തയും നാം കേട്ടിട്ടുണ്ട്.

വരൾച്ചകൊണ്ട് നാട്ടിൽ പൊറുതിമുട്ടി, അവസാനം മഴക്ക് വേണ്ടിയുള്ള നമസ്കാരം സംഘടിപ്പിക്കപ്പെടുമ്പോൾ കുടയുമായി വന്ന കുട്ടിയുടെ കഥ എവിടെയോ കേട്ടതോർക്കുന്നു. ‘മോനേ, ഈ കൊടുംചൂടിൽ നീ കുടയുമായി എന്തിനാണ് വന്നത്, മഴയൊന്നും ഇല്ലല്ലോ’ എന്ന് അൽപം പരിഹാസച്ചുവയോടെ പലരും ചോദിച്ചപ്പോൾ ‘ഞാൻ എന്റെ റബ്ബിനോട് മഴക്ക് വേണ്ടി പ്രാർഥിക്കാനാണ് വന്നത്. നമസ്കാരവും കഴിഞ്ഞ് റബ്ബിന്റെ അനുഗ്രഹം പെയ്തിറങ്ങുമ്പോൾ ചൂടാനാണ് ഈ കുട ഞാൻ കയ്യിൽ കരുതിയത്’ എന്ന് ആ കുട്ടി മറുപടി നൽകിയത്രെ!

‘എറിഞ്ഞു നോക്കാം, കിട്ടിയാൽ ഒരു മാങ്ങ, പോയാൽ ഒരു കല്ല്’ എന്ന വിചാരത്തിനപ്പുറത്ത്, ‘എന്നോടു ചോദിച്ചാൽ ഞാൻ ഉത്തരം തരും’ എന്ന് വാഗ്ദാനം നൽകിയ, വാഗ്ദാനങ്ങൾ പാലിക്കുന്ന സർവശക്തനായ റബ്ബിനോടാണ് ഞാൻ ചോദിക്കുന്നത് എന്ന ചിന്തയാണ് വേണ്ടത്. കിട്ടും എന്ന പ്രതീക്ഷയിൽ തന്നെയാണ് നാം പ്രാർഥിക്കേണ്ടത്.

എൺപതിനോടടുത്ത് പ്രായമുള്ള സകരിയ്യാ(അ) ‘റബ്ബേ, നിന്നോട് പ്രാർഥിച്ചിട്ട് ഞാൻ ഭാഗ്യം കെട്ടവനായിട്ടില്ല’ എന്നു പറഞ്ഞത് ശ്രദ്ധിക്കുക. ആ പ്രായത്തിനിടയിൽ അദ്ദേഹം പതിറ്റാണ്ടുകളോളം ഒരു കുഞ്ഞിനുവേണ്ടി പ്രാർഥിച്ചിട്ടുണ്ടാകില്ലേ? എൺപതിനോടടുത്തപ്പോഴായിരിക്കില്ലല്ലോ അദ്ദേഹം വിവാഹം കഴിച്ചത്. ശരീരം ശോഷിച്ച്, എല്ലുകളുടെ ബലം നഷ്ടപ്പെട്ട്, അവശതയിലെത്തി, തലമുടിയെല്ലാം നരച്ച് വെട്ടിത്തിളങ്ങുന്ന അവസ്ഥയിലെത്തിയ ഭർത്താവ്, തീരെ പ്രസവിക്കാത്ത, സാധാരണനിലയിൽ ഇനി പ്രസവിക്കാനുള്ള സാധ്യതയില്ലാത്തത്ര വൃദ്ധയായ ഭാര്യ! എന്നിട്ടും സകരിയ്യാ നബി(അ) പ്രാർഥനയിലാണ്. അശേഷം നിരാശയില്ലാതെ തന്നെ! ഒടുവിൽ അല്ലാഹു തീരുമാനിച്ച സമയമണഞ്ഞു. പ്രതീക്ഷകൾ പൂവണിഞ്ഞു. അല്ലാഹു ഒരു മകനെ നൽകുന്നതായി സന്തോഷവാർ ത്തയറിയിച്ചു. ആ കുഞ്ഞിന്റെ പേരും അല്ലാഹുതന്നെ തീരുമാനിച്ചു!

“ഹേ, സകരിയ്യാ! തീർച്ചയായും നിനക്ക് നാം ഒരു ആൺകുട്ടിയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ യഹ്‌യാ എന്നാകുന്നു. മുമ്പ് നാം ആരെയും അവന്റെ പേര് ഉള്ളവരാക്കിയിട്ടില്ല.”

വൃദ്ധ ദമ്പതികളായ തങ്ങൾക്ക് എങ്ങനെ കുഞ്ഞ് പിറക്കും എന്ന് സംശയിച്ച സകരിയ്യാ നബി(അ)ക്ക് അല്ലാഹു മറുപടി നൽകി: “...അങ്ങനെ തന്നെ. മുമ്പ് നീ യാതൊന്നുമല്ലാതിരുന്നപ്പോൾ നിന്നെ ഞാൻ സൃഷ്ടിച്ചിരിക്കെ, ഇത് എന്നെ സംബന്ധിച്ചിടത്തോളം ഒരു നിസ്സാര കാര്യം മാത്രമാണ് എന്ന് നിന്റെ രക്ഷിതാവ് പ്രഖ്യാപിച്ചിരിക്കുന്നു.”

നമ്മുടെ ഇല്ലായ്മകളും വല്ലായ്മകളുമെല്ലാം സ്രഷ്ടാവിനോട് തുറന്നു പറയാൻ എന്തിനു നാം മടി കാണിക്കണം? നമ്മുടെ കാര്യങ്ങൾ നമ്മെക്കാൾ അറിയുന്ന, ചോദിച്ചാൽ തരാൻ തയ്യാറുള്ള, എത്ര നൽകിയാലും വറ്റാത്ത ഖജനാവിന്റെ ഉടമ ഉണ്ടായിരിക്കെ നാമെന്തിന് അവനോട് ചോദിക്കാതിരിക്കണം? ■

# നേതൃത്വവും അനുയായികളും ശ്രദ്ധിക്കേണ്ടത്

നബി(സ്വ)യും അനുയായികളും ശത്രുക്കളെ തടുക്കുവാൻ വേണ്ടി ഒരു കിടങ്ങ് (ഖൻദക്) കുഴിക്കുകയാണ്. ധൃതിപിടിച്ച ജോലി നടക്കുന്നതിനിടയിൽ കപടവിശ്വാസികളായ ചിലർ രംഗത്തുനിന്ന് ഒഴിഞ്ഞുമാറി. അവർക്ക് വിശ്വാസികളെ സംരക്ഷിണമെന്ന ബോധത്തെക്കാൾ സ്വന്തം കാര്യമായിരുന്നു പ്രധാനം. സത്യവിശ്വാസികളാകട്ടെ അത്യാവശ്യം വരുമ്പോൾ നബി(സ്വ)യോട് സമ്മതം വാങ്ങി പുറത്തുപോകുകയും ആവശ്യം കഴിഞ്ഞാൽ തിരിച്ചുവന്ന് കാര്യത്തിൽ സഹകരിക്കുകയും ചെയ്തു. സത്യവിശ്വാസികൾ ഒരുഭാഗത്തും സത്യനിഷേധികളുടെ മുഴുവൻ സംഘങ്ങളും മറുഭാഗത്തും അണിനിരന്നുകൊണ്ട് യുദ്ധത്തിനൊരുങ്ങുന്ന ഈ സന്ദർഭത്തിലാണ് താഴെ കൊടുക്കുന്ന ക്വുർആൻ സൂക്തത്തിന്റെ അവതരണമുണ്ടായത്:

“അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അദ്ദേഹത്തോടൊപ്പം അവർ വല്ല പൊതുകാര്യത്തിലും ഏർപെട്ടിരിക്കുകയാണെങ്കിൽ അദ്ദേഹത്തോട് അനുവാദം ചോദിക്കാതെ അവർ പിരിഞ്ഞു പോകുകയില്ല. തീർച്ചയായും നിന്നോട് അനുവാദം ചോദിക്കുന്നവരാരോ അവരാകുന്നു അല്ലാഹു വിലും അവന്റെ റസൂലിലും വിശ്വസിക്കുന്നവർ. അങ്ങനെ അവരുടെ എന്തെങ്കിലും ആവശ്യത്തിനുവേണ്ടി (പിരിഞ്ഞ് പോകാൻ) അവർ നിന്നോട് അനുവാദം ചോദിക്കുകയാണെങ്കിൽ അവരിൽ നീ ഉദ്ദേശിക്കുന്നവർക്ക് നീ അനുവാദം നൽകുകയും അവർക്കുവേണ്ടി നീ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയാ യും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു” (ക്വുർആൻ 24:62).

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ അമാനി മൗലവി(റഹി) എഴുതുന്നു: “ഇന്ന് നാം പല സ്ഥലങ്ങളിലും വെച്ച് ആളുകളെ വിളിച്ചുകൂട്ടി നടത്താറുള്ള സദുപദേശങ്ങൾ, കൂടിയാലോചനകൾ, പ്രസ്താവനകൾ മുതലായവ ആദ്യകാലങ്ങളിൽ പള്ളികളിൽ വെച്ചും നമസ്കാരാനന്തരവുമായിരുന്നു മിക്കവാറും നിർവഹിക്കപ്പെട്ടിരുന്നത്. പള്ളികളും പൊതുജനങ്ങളുമായുള്ള ബന്ധം ഇന്ന് നാമമാത്രമായിരിക്കെകൊണ്ട് നമുക്ക് അതിന് അങ്ങാടികളും പീടികകളും മറ്റും ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. അത്തരം കാര്യങ്ങൾ നബിതിരുമേനി(സ്വ)യുടെ നേതൃത്വത്തിൽ നടക്കുമ്പോൾ, അവിടുത്തോട് സമ്മതം വാങ്ങാതെ സ്ഥലം വിടുന്നതിനെപ്പറ്റിയാണ് ആയത്തിൽ പ്രതിപാദിച്ചത്. എങ്കിലും, മുസ്‌ലിംകൾ, അവരുടെ നേതാക്കളോട് ആചരിക്കേണ്ടുന്ന പൊതുമര്യാദയാണ് ഇതെന്ന് -ഹസൻ(റ) മുതലായ പലരും പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടു ള്ളതുപോലെ-നാം ഓർമിക്കേണ്ടിയിരിക്കുന്നു. യോഗങ്ങളുടെയും സദസ്സുകളുടെയും നേതൃസ്ഥാനത്തുള്ള ആളുകളുമായി സദസ്യർക്ക് യാതൊരു ബന്ധവും കടപ്പാടും ഇല്ലാത്ത ഒരു നിലയാണ് ഇന്ന് പൊതുവിലുള്ളത്. ഇസ്‌ലാമിക വീക്ഷണത്തിൽ ഇത് ശരിയല്ലെന്ന് ഈ ആയത്തിൽനിന്ന് ഗ്രഹിക്കാവുന്നതാണ്.”

വിശുദ്ധ ക്വുർആനിനെയും നബിചര്യയെയും കലവറയില്ലാതെ പിൻപറ്റുന്ന, അത് പ്രചരിപ്പിക്കുന്ന ഒരു സംഘടനയുടെ അസ്തിത്വം പവിത്രമാണ്. ഈ പവിത്രത സംരക്ഷിക്കാൻ നാം ബാധ്യസ്ഥരുമാണ്. ‘കേൾക്കുക അനുസരിക്കുക. ഒരു അടിമയാണ് നിങ്ങളുടെ നേതാവെങ്കിലും’ എന്ന നബിവചനവും (ബുഖാരി) ‘നേതൃത്വത്തെ അനുസരിക്കാതെ പിൻവലിയുന്നവൻ അല്ലാഹുവിനോട് തെളിവ് ബോധിപ്പിക്കാനില്ലാത്ത വിധം അവനെ കണ്ടുമുട്ടു’മെന്ന നബിവചനവും (മുസ്‌ലിം) ഇതുപോലെയുള്ള ഒട്ടേറെ താക്കീതുകളും നമ്മെ പഠിപ്പിക്കുന്നത് വ്യക്തികൾക്കതീതമായി സംഘടനാഭദ്രത നിലനിർത്തണമെന്നു തന്നെയാണ്.

റസൂലിന്റെ കൂടെ പൊതുകാര്യത്തിലായിരിക്കുമ്പോൾ സമ്മതം ചോദിച്ചു പോകുന്നവരാണ് അല്ലാഹുവിനെയും റസൂലിനെയും വിശ്വസിക്കുന്നവർ എന്ന ക്വുർആനിന്റെ പ്രസ്താവന അച്ചടക്കത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഏതൊരു സംഘടിത സമൂഹത്തിന്റെയും ശക്തിയാണ് ഈ അച്ചടക്കം. സംഘടനക്ക് ഈ ശക്തി നഷ്ടപ്പെട്ടാൽ അതിനെ നയിക്കുന്ന വ്യക്തികൾ മാറിവന്നാലും ഈ ബലക്ഷയം അവശേഷിക്കുമെന്നതാണ് വസ്തുത. അനുയായികളുടെ അനുസരണ ബാധ്യത പോലെത്തന്നെ നായകന്മാരുടെ ഉത്തരവാദിത്തവും ഇതോടൊപ്പം ചേർത്തു പറയേണ്ടതാണ്. നബി(സ്വ) പറഞ്ഞു: “ഒരാളെ അല്ലാഹു ഒരു സമൂഹത്തിന്റെ നായകത്വം ഏൽപിച്ചു. എന്നിട്ടവരെ അയാൾ വഞ്ചിച്ചുകൊണ്ട് മരണപ്പെട്ടാൽ സ്വർഗം അവന് നിഷിദ്ധമായിരിക്കും” (ബുഖാരി, മുസ്‌ലിം).

ചുരുക്കത്തിൽ, നേതൃത്വത്തിലുള്ളവരുടെ സത്യനിഷ്ഠയും അനുയായികളുടെ അനുസരണവുമാണ് ഇസ്‌ലാമിക സംഘടിത വ്യവസ്ഥയിലെ അടിസ്ഥാനശിലകൾ. ■

ഹംസ അഫ്ഹം അൽഹികമി

# അഭിപ്രായ വ്യത്യാസങ്ങൾ; വിശ്വാസിയുടെ നിലപാട്

‘തക്വ്‌വ’ (സൂക്ഷ്മതാബോധം) ഒരു വ്യക്തിയുടെ ഇഹപര ജീവിത വിജയത്തിന് അത്രമേൽ പ്രാധാന്യമുള്ളതാണ്. നിർബന്ധമാക്കപ്പെട്ടവ കർമ പഥത്തിൽ ഉപേക്ഷവരാതെ കാത്തുസൂക്ഷിക്കുകയും വിരോധങ്ങളിൽനിന്നും പൂർണമായി അകന്നുനിൽക്കുകയും ചെയ്യുമ്പോഴാണ് ‘തക്വ്‌വ’ നേടിയെടുക്കാൻ സാധിക്കുക. വിധിവിശ്വാസത്തെ ഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിലും തക്വ്‌വക്ക് അനിഷേധ്യമായ പങ്കുണ്ടെന്ന് വിശുദ്ധ ക്വുർആൻ നമുക്ക് പഠിപ്പിച്ചുതരുന്നുണ്ട്.



ഇസ്‌ലാമിക ലോകത്തിന്റെയും മുസ്‌ലിംകളുടെയും ചരിത്രം പരിശോധിച്ചാൽ അവർക്കിടയിൽ പല അഭിപ്രായ വ്യത്യാസങ്ങളും നിലനിന്നിരുന്നതായി കാണുവാൻ സാധിക്കും. മുസ്‌ലിം സമൂഹത്തിൽ അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക ലോകത്തിന്റെ മൂന്നാമത്തെ ഖലീഫയായ ഉസ്മാൻ ബിൻ അഫ്ഫാന്റെ(റ) അവസാന കാലഘട്ടത്തിലേ ഫിത്‌ന ആരംഭിച്ചു. അവിടം മുതൽ ഇസ്‌ലാമികലോകത്ത് ആദർശപരമായി വ്യതിചലിച്ച കക്ഷികൾ ഉടലെടുത്തു തുടങ്ങി.

ഭിന്നതകളിൽനിന്ന് അകന്നുനിൽക്കുവാനും ഐക്യത്തോടെ മുന്നോട്ടു നീങ്ങുവാനും ഇസ്‌ലാമിക പ്രമാണങ്ങൾ സമുദായത്തെ ശക്തമായി ആഹ്വാനം ചെയ്യുന്നതായി കാണാം:

"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്..." (ഖുർആൻ 3:103).

"വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനുശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്" (3:105).

"നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം-നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം-അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു" (42:13).

അബു നജീഹ് അൽഅർബാൽ ഇബ്നു സാരിയ്യ(റ) പറഞ്ഞു: "ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ(സ്വ) ഞങ്ങൾക്ക് ഉപദേശം നൽകുകയായിരുന്നു; ഹൃദയങ്ങളെ പ്രകമ്പനം കൊള്ളിക്കുന്ന, നയനങ്ങളെ ഈറനണിയിക്കുന്ന രൂപത്തിൽ (ഉള്ള ശക്തമായ ഉപദേശം). ഞങ്ങൾ റസൂലിനോട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഇതൊരു അന്തിമ ഉപദേശമായി ഞങ്ങൾക്ക് അനുഭവപ്പെടുന്നു. അവിടുന്ന് ഞങ്ങളെ ഉപദേശിച്ചാലും.' തിരുദൂതർ(സ്വ) പറഞ്ഞു: 'നിങ്ങൾ അല്ലാഹുവെ മുറ പ്രകാരം സൂക്ഷിച്ച് ജീവിക്കുക. ഒരു അടിമയാണ് നിങ്ങളുടെ നേതാവായി നിങ്ങളോട് കൽപിക്കുന്നതെങ്കിലും അനുസരണയും കീഴൊതുക്കവും നിങ്ങൾക്കുണ്ടാകണം. തീർച്ചയായും നിങ്ങളിൽനിന്ന് എനിക്കുശേഷം ജീവിക്കുന്നവരാരോ അവർക്ക് ഒട്ടനവധി അഭിപ്രായഭിന്നതകൾ കാണാനാകും. അപ്പോൾ എന്റെ ചര്യയും എന്റെ സച്ചരിതരായ പിൻഗാമികളുടെ ചര്യയും മുറുകെപ്പിടിച്ച് അവയെ അണപ്പല്ലുകൊണ്ട് കടിച്ചുപിടിക്കൽ നിങ്ങൾക്ക് നിർബന്ധമാണ്. നിങ്ങൾ (മതത്തിൽ) പുതുതായി ചേർക്കപ്പെടുന്ന കാര്യങ്ങളെ (ബിദ്അത്തുകളെ) സൂക്ഷിക്കുക. കാരണം എല്ലാ പുത്തനാചാരങ്ങളും വഴികേടാണ്" (അബൂദാവൂദ്).

നബി(സ്വ)യുടെ ഈ വചനങ്ങൾ മൂല്യവത്തായ ഉപദേശവും ഏറെ പ്രധാനമായ അടിസ്ഥാന ആശയവും പകർന്നുനൽകുന്നു. ഇത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഏതൊരാളും ശരിയായ വിജയത്തിലെത്തും. അവഗണിക്കുന്നവർ പരാജയപ്പെടുകയും ചെയ്യും. സമൂഹത്തിൽ ഭിന്നതയും അഭിപ്രായ വ്യത്യാസങ്ങളും ഉടലെടുക്കാതിരിക്കാനും ഭിന്നതകൾ ഉണ്ടായാൽ അത് മാന്യമായി പരിഹരിക്കപ്പെടാനും ഇതുമാത്രമാണ് യഥാർഥ മാർഗം.

സ്രഷ്ടാവിനെ യഥാവിധം സൂക്ഷിച്ച് ജീവിക്കുക, ഇസ്‌ലാമിക ഭരണകർത്താക്കളെയും നേതാക്കന്മാരെയും അനുസരിക്കുകയും ചെയ്യുക. ഈ രണ്ട്



അടിസ്ഥാനങ്ങളാണ് ഒരു വ്യക്തിയെ ജീവിത വിജയത്തിലേക്ക് നയിക്കുന്ന പ്രധാനഘടകങ്ങൾ.

'തക്വ' (സൂക്ഷ്മതാബോധം) ഒരു വ്യക്തിയുടെ ഇഹപര ജീവിത വിജയത്തിന് അത്രമേൽ പ്രാധാന്യമുള്ളതാണ്. നിർബന്ധമാക്കപ്പെട്ടവ കർമ പഥത്തിൽ ഉപേക്ഷവരാതെ കാത്തുസൂക്ഷിക്കുകയും വിരോധങ്ങളിൽനിന്നും പൂർണമായി അകന്നുനിൽക്കുകയും ചെയ്യുമ്പോഴാണ് 'തക്വ' നേടിയെടുക്കാൻ സാധിക്കുക. വിധിവിശ്വാസത്തെ ഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിലും തക്വക്ക് അനിഷേധ്യമായ പങ്കുണ്ടെന്ന് വിശുദ്ധ ക്വുർആൻ നമുക്ക് പഠിപ്പിച്ചുതരുന്നുണ്ട്:

"ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വരത്രെ അവർ. അവർക്കാണ് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹു വിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റ വുമില്ല. അതു (സന്തോഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം" (10:62-64).

മുസ്‌ലിം ഭരണകർത്താക്കളെയും നേതൃത്വത്തെയും അനുസരിക്കുകയും കീഴൊതുങ്ങുകയും ചെയ്യൽ അനിവാര്യമാണ്. അതുവഴിയാണ് പരസ്പരം യോജിപ്പിലെത്താനും ഒന്നിച്ചു നിൽക്കാനും നിർഭയത്വം ലഭിക്കാനും അക്രമങ്ങളെ ചെറുത്തുതോൽപിച്ച് ഫിത്നയുടെ (കുഴപ്പത്തിന്റെ) അടിവേരറുക്കാനും മതപരമായ കാര്യങ്ങളെ മാനിച്ചുകൊണ്ട് ജീവിക്കുവാനും സാധ്യമാവുക.

ഇമാം അഹ്മദും തിർമിദിയുമൊക്കെ റിപ്പോർട്ട് ചെയ്യുന്ന, പ്രവാചകന്റെ(സ്വ) വിടവാങ്ങൽ പ്രസംഗത്തിൽ ഈ രണ്ട് അടിസ്ഥാന ആശയങ്ങളെ അവിടുന്ന് ഉപദേശമായി നൽകുന്നത് കാണാം.

ഉമ്മുൽ ഹുസൈൻ അൽഅഖ്മസിയ്യ(റ) യിൽനിന്ന് നിവേദനം; റസൂൽ(സ്വ) വിടവാങ്ങൽ പ്രസംഗം നടത്തുന്നത് ഞാൻ കേട്ടു. അവിടുന്ന് പറയുകയുണ്ടായി:

"അല്ലയോ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ...ഒരു അബ്സീനിയൻ അടിമ നിങ്ങളുടെമേൽ കൽപിക്കപ്പെട്ടാൽ (നേതാവാക്കപ്പെട്ടാൽ) അവൻ നിങ്ങൾക്കായി അല്ലാഹുവിന്റെ ഗ്രന്ഥം സ്ഥാപിച്ചുതന്നിരിക്കുന്നിടത്തോളം കാലം അവനെ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക."

സമൂഹത്തിൽ ഛിദ്രതയും കുഴപ്പങ്ങളും ഉടലെടുക്കുകയും അഭിപ്രായവ്യത്യാസങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുമ്പോൾ നബി(സ്വ)യുടെ തിരുസുന്നത്തിനെയും സച്ചരിതരായ അനുയായികളുടെ ചര്യയെയും മുറുകെ പിടിച്ച് ജീവിക്കുക; പുത്തൻവാദങ്ങളും ആശയങ്ങളും കടന്നുവരുന്നത് സൂക്ഷിക്കുക, വിശ്വാസം, ആരാധന, സ്വഭാവം തുടങ്ങിയ മതപരമായ മേഖലകളിൽനിന്നെല്ലാം പൂർണമായി ബിദ്അത്തുകളെ തുടച്ചുനീക്കുകയും അതിന് തടയിടുകയും ചെയ്യുക എന്നിവയെല്ലാം വിശ്വാസികളുടെ ബാധ്യതയാണെന്നു വ്യക്തം.

ബിദ്അത്തുകളെ പൂർണമായി വെടിഞ്ഞവർക്കേ അഭിപ്രായവ്യത്യാസങ്ങളിൽനിന്നും രക്ഷപ്പെടാൻ സാധിക്കൂ. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറഞ്ഞു: "സുന്നത്ത് എപ്പോഴും ജമാഅത്തുമായി ചേർന്നുനിൽക്കുന്നതുപോലെ ബിദ്അത്തുകൾ എപ്പോഴും കക്ഷിത്വവുമായി യോജിച്ചു നിൽക്കുന്നു."

അഭിപ്രായവ്യതിയാനങ്ങളിൽനിന്ന് രക്ഷപ്പെടണമെങ്കിൽ സുന്നത്തിനെ മുറുകെപ്പിടിച്ച് ജീവിക്കുകയും അതിന് വിരുദ്ധമായവ തള്ളിക്കളയുകയും ചെയ്യൽ അനിവാര്യമാണ്.

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ

സമൂഹത്തിൽ ഛിദ്രതയും കുഴപ്പങ്ങളും ഉടലെടു ക്കുകയും അഭിപ്രായവ്യത്യാസങ്ങൾ പ്രത്യക്ഷപ്പെ ടുകയും ചെയ്യുമ്പോൾ നബി(സ്വ)യുടെ തിരുസു ന്നത്തിനെയും സച്ചരിതരായ അനുയായികളുടെ ചര്യയെയും മുറുകെ പിടിച്ച് ജീവിക്കുക; പുത്തൻ വാദങ്ങളും ആശയങ്ങളും കടന്നുവരുന്നത് സൂക്ഷി ക്കുക, വിശ്വാസം, ആരാധന, സ്വഭാവം തുടങ്ങിയ മതപരമായ മേഖലകളിൽനിന്നെല്ലാം പൂർണമായി ബിദ്അത്തുകളെ തുടച്ചുനീക്കുകയും അതിന് തടയിടുകയും ചെയ്യുക എന്നിവയെല്ലാം വിശ്വാസിക ളുടെ ബാധ്യതയാണെന്നു വ്യക്തം.



പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻവേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ 6:153).

ഇമാം ക്വുർത്വുബി(റഹി) ഈ സൂക്തം വിവരിക്കവെ എഴുതുന്നു: "അപ്പോൾ അതിൽനിന്ന് (അഭിപ്രായഭിന്നതയിൽനിന്ന്) രക്ഷപ്പെടലാണ് യഥാർഥ രക്ഷ. അവിടെ വിജയം വരിക്കലാണ് യഥാർഥ വിജയം. നേർവഴിയിൽ നിലയുറക്കുകയും സച്ചരിതരായ മുൻഗാമികൾ പിന്തുടർന്ന നേരായപാത തെരഞ്ഞെടുക്കുകയും ചെയ്യുന്നതാണ് അതിൽ ലാഭകരമായ കച്ചവടം."

ബിദ്അത്തുകൾ ഒരു വ്യക്തിയെ വലിയ അപകടത്തിൽ ചാടിക്കുമെന്നതിനാൽ റസൂൽ(സ്വ) അവയ്ക്കെതിരെ പ്രത്യേകം മുന്നറിയിപ്പ് നൽകി. എല്ലാ ബിദ്അത്തുകളും മൊത്തത്തിൽ ഉൾക്കൊള്ളുന്ന രൂപത്തിൽ സമഗ്രമായ വാക്കാണത്: "എല്ലാ പുത്തനാചാരങ്ങളും (ബിദ്അത്തുകൾ) വഴികേടാണ്."

ഇബ്നു റജബ്(റഹി) പറഞ്ഞു: "ആരെങ്കിലും മതത്തിന്റെ അടിസ്ഥാനമില്ലാതെ വല്ലതും പുതുതായി നിർമിക്കുകയും അത് ദീനിലേക്ക് ചേർക്കുകയും ചെയ്താൽ അത് അവനിലേക്കുതന്നെ മടക്കുകയും അതിനെ വഴികേടായി മുദ്ര കുത്തുകയും ചെയ്യേണ്ടതാണ്. അത് വിശ്വാസപരമായതോ കർമപരമായതോ പ്രത്യക്ഷവും പരോക്ഷവുമായ നിർദേശങ്ങളോ എന്തായിരുന്നാലും ശരി, ദീൻ അതിനെത്തൊട്ട് വിദൂരത്താണ്. മതകാര്യമായി അതിനെ പരിഗണിക്കുകയുമരുത്."

ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും നാം യഥാർഥ ആദർശത്തെ മുറുകെ പിടിക്കണം. വിശ്വാസ-സ്വഭാവ കാര്യങ്ങളിലും ആരാധനകളിലും തിരുദൂതർ(സ്വ) നിലകൊണ്ട പാതയിൽതന്നെ നിലകൊള്ളാൻ നമുക്കു കഴിയണം.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

മുജീബ് ഒട്ടുമ്മൽ
: 97444 31890

# യുവത്വം നിർവചിക്കപ്പെടണം

കർമോത്സുകത കൊണ്ട് വസന്തകാലം തീർക്കുന്ന യുവത്വത്തെ ദാർശനികമായ അപഥസഞ്ചാരത്തിലേക്ക് നയിച്ച് മോഹഭംഗത്തിന്റെ പാതാളക്കുഴിയിലേക്ക് എടുത്തെറിയുകയാണ് 'പുരോഗമനാശയങ്ങൾ.'പഴിക്കേണ്ടത് 'കെട്ട കാല'ത്തെയല്ല, ദിശ നഷ്ടപ്പെട്ട ജീവിതരീതികളെയാണ്.

ഇന്ത്യയിലെ യുവാക്കളിൽ ആത്മഹത്യാനിരക്ക് വർധിച്ചുകൊണ്ടിരിക്കുകയാണ്. നാഷണൽ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ച് ഓരോ 42 മിനുട്ടിലും ഒരു വിദ്യാർഥി ആത്മഹത്യചെയ്യുന്നുണ്ട്. പ്രതിദിനം 34ൽ അധികം വിദ്യാർഥികളാണ് ആത്മഹത്യ ചെയ്യുന്നതെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. 30 വയസ്സിന് താഴെയുള്ളവരാണ് ആത്മഹത്യ ചെയ്യുന്നവരിൽ ഏറെയും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കൗമാര-യുവ ആത്മഹത്യകളിൽ മുന്നിലാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

18നും 30നും ഇടയിൽ പ്രായമുള്ളവരിലെ ആത്മഹത്യാപ്രവണത ഏറിക്കൊണ്ടിരിക്കുകയാണ്. 2018-147, 2019-145, 2020-153, 2021-169, 2022 സെപ്റ്റം



ബർവരെ 119 എന്നിങ്ങനെയാണ് ജീവനൊടുക്കിയവരുടെ കണക്ക്. കുട്ടികളും മരണക്കണക്കിൽ മുന്നിലാണ്. 2018-28, 2019-35, 2020-29, 2021-37, 2022 സെപ്റ്റംബർവരെ 27, ഇങ്ങനെയാണ് കുട്ടിൽക്കിടയിലെ ആത്മഹത്യയുടെ കണക്ക്. 30-50 പ്രായപരിധിയിലുള്ള 1797 പേരാണ് അഞ്ചുവർഷത്തിനിടെ ആത്മഹത്യചെയ്തത്. 50നും 65നും ഇടയിൽ പ്രായമുള്ള 1270 പേർ ജീവനൊടുക്കി.

2022ലെ നാഷണൽ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ച് ആത്മഹത്യയിൽ കേരളം നാലാം സ്ഥാനത്ത് നിൽക്കുന്നു. ജീവിതാസ്വാദനത്തിന്റെ പുലരിയിൽതന്നെ നിരാശയോടെ ആത്മഹത്യയിൽ അഭയം തേടുന്ന യുവതയുടെ നിരാശയെ കുറിച്ച് ഗഹനമായ പഠനം നടത്തേണ്ടിയിരിക്കുന്നു. ശാരീരിക, മാനസിക ക്ഷമതയുടെ പാരമ്യതയിലെത്തിയ യുവതയുടെ കരുത്തിനെയും ചിന്താശേഷിയെയും ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെട്ട അധികാരികൾക്കും സമൂഹത്തിനും ഇതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല.

കഴിഞ്ഞ വർഷം മെയ് മാസത്തിലാണ് 25000 കോടി രൂപ വില മതിക്കുന്ന ലഹരി പദാർഥങ്ങളുമായി കേരള തീരത്തേക്കണഞ്ഞ ഒരു ബോട്ട് പിടിക്കപ്പെട്ടത്. അതിലേറെ മയക്കുമരുന്നുകൾ കടലിൽ ഒഴുക്കിയതായും റിപ്പോർട്ടുണ്ട്. അന്താരാഷ്ട്ര ലഹരിമാഫിയ നോട്ടമിടുന്ന ഉപഭോഗ സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുന്നുവെന്നതിന് തെളിവായി നമുക്കിതിനെ വായിക്കാം. ഭീകരമായ കൊലപാതകങ്ങളും പിഞ്ചുകുഞ്ഞുങ്ങളെ പോലും ക്രൂരമായി ബലാൽസംഘത്തിന് വിധേയമാ


ക്കുന്ന മാനസിക രോഗവും ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ കേരളത്തിലെ യുവത ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുന്നുവെന്നതിന് തെളിവാണ്. 2020ൽ കൊറോണയും ലോക്ഡൗണുമൊക്കെയായി നാടു നിശ്ചലമായിട്ടുപോലും നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 4968 കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു. ആത്മഹത്യയിലേക്കും ലഹരി ഉപയോഗങ്ങളിലേക്കും യുവത ആപതിക്കാനുള്ള കാരണങ്ങളും പരിശോധിക്കേണ്ടതാണ്. കുടുംബ പ്രശ്നങ്ങൾ, ലഹരിയുടെ അമിതമായ ഉപയോഗം, തൊഴിലില്ലായ്മ, കടം, പ്രണയ പരാജയം, സാമ്പത്തികത്തകർച്ച, രോഗം എന്നിവയാണ് ആത്മഹത്യയുടെ പ്രധാന കാരണങ്ങൾ എന്നാണ് നിഗമനം.

എൽജിബിടിക്യൂ ആക്റ്റിവിസം സമൂഹത്തിലുണ്ടാക്കുന്ന ലൈംഗിക അരാചകത്വത്തിന് ഇരയാകുന്നതും യുവാക്കളാണ്. വൃദ്ധരും സ്ത്രീകളും പറക്കമുറ്റാത്ത കുഞ്ഞുങ്ങൾ പോലും ലൈംഗികാതിക്രമങ്ങൾക്കിരയാകുന്നതിന് ആശയപരമായ പിന്തുണ നൽകുന്ന ജെന്റർ പൊളിറ്റിക്സ് യുവാക്കളെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു വിപത്താണ്. പ്രകൃതിയിലെ ഇതര ജീവികളുടെ ജീവിത ശൈലിയെ മനുഷ്യരോടുപമിച്ച് അധാർമികതയ്ക്ക് ശാസ്ത്ര പിന്തുണയുണ്ടെന്ന് ദുർവ്യാഖ്യാനിച്ചുകൊണ്ട് അവകാശപ്പെടാൻ ഇവർ ശ്രമിക്കുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ ആജീവനാന്തം വേദനകൾ പേറുന്ന കേവലം മനുഷ്യക്കോലങ്ങളാക്കുന്നതും ഇത്തരം ആശയധാരകളാണ്. യുവാക്കളെ രൂപമാറ്റത്തിനായി കൊതിക്കുന്ന മനോവൈകല്യങ്ങളുള്ള ജീവച്ഛവങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് ഇവരിലൂടെ നടക്കുന്നത്. നിയമഭേദഗതിയിലൂടെ സ്വവർഗരതിയെ സാമാന്യവൽകരിക്കുവാനും സിനിമകളെ പോലെയുള്ള മാധ്യമങ്ങളിലൂടെ അതിനുവേണ്ടി പ്രചാരണം നൽകുവാനും നിയമവിശാരദൻമാരുടെയും സിനിമാ പ്രവർത്തകരുടെയും പിന്തുണ നേടിക്കൊണ്ടാണ് കേരളത്തിലെ യുവാക്കളിൽ ഈ അരാചകത്വം സ്ഥിരപ്രതിഷ്ഠ നേടുന്നത്.

സ്ത്രീ ശാക്തീകരണത്തിൻെറ പേരുപറഞ്ഞ് ഫെമിനിസ്റ്റുകൾ യുവതികൾക്കിടയിൽ തീർക്കുന്ന കെണികളുമുണ്ട്. സുഭദ്രമായ കുടുംബാന്തരീക്ഷങ്ങളിൽനിന്ന് 'സ്വാതന്ത്ര്യത്തിന്റെ' വിഹായുസ്സിലേക്ക് പറക്കാനുള്ള ആഗ്രഹങ്ങൾ വിതച്ചുകൊണ്ടാണ് ഇവർ പ്രവർത്തനങ്ങൾ തുടങ്ങാറുള്ളത്. തങ്ങളുടെ മാനം പരപുരുഷൻമാർക്ക് അടിയറവ് വെക്കുന്നതിലേക്ക് കാര്യങ്ങളെത്തുമ്പോഴാണ് തങ്ങളകപ്പെട്ട ചതിക്കുഴിയെ കുറിച്ച് ഇവർക്ക് ബോധമുണ്ടാവുക. സമൂഹമാധ്യമങ്ങളും 'ഒൺലി ഫാൻസ്' പോലെയുള്ള ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളും ഇതിനായി വ്യാപകമായി ഉപയോഗപ്പെടുത്തപ്പെടുന്നുണ്ട്. പെണ്ണിന്റെ മാനം ഓൺലൈൻ മാർക്കറ്റുകളിൽ വിറ്റഴിച്ച് കോടികൾ സമ്പാദിക്കുന്ന മാഫിയകളെ കുറിച്ച് പലരും വാചാലമായ മൗനത്തിലാണ്. യുവതി-യുവാക്കളാണ് ഇത്തരം വിഷയങ്ങളിൽ കൂടുതലും ഇരയാക്കപ്പെടുന്നത്.

മാർക്സിസവും നവലിബറൽ ആശയങ്ങളും

സ്മാർട്ട്ഫോൺ സോമ്പികളായി സ്ഥലകാല ബോധമില്ലാതെ ശിരസ്സു കുനിച്ച് നടക്കുന്ന യുവത്വമാണ് മറ്റൊരു ദുരന്തം. മൊബൈൽ ഫോൺ ആസക്തിയിൽ ജീവനുള്ള ശവമായി ഗെയ്മുകളിലും സോഷ്യൽ മീഡിയകളിലുമായി അഭിരമിക്കുകയാണവർ. സാമൂഹികമോ കുടുംബപരമോ വ്യക്തിപരമോ ആയ ഉത്തരവാദിത്തങ്ങളെ തീർത്തും ഗൗനിക്കാതെ ഇന്റർനെറ്റിന്റെയും ഗെയ്മുകളുടെയും മായാവലയത്തിൽ സമയം തള്ളിനീക്കുന്നു. മസ്തിഷ്ക പ്രക്ഷാളനത്തിലൂടെ അപരമത വിദ്വേഷം വളർത്തി വർഗീയ സംഘർഷങ്ങളിലും കലാപങ്ങളിലും തള്ളിയിടുന്ന വെറുപ്പിന്റെ രാഷ്ട്രീയവും യുവാക്കൾക്ക് അപഥസഞ്ചാരപാത ഒരുക്കിക്കൊണ്ടിരിക്കുന്നുണ്ട്.



സ്ത്രീസ്വത്വം അപഹരിക്കുന്നതിന് ദാർശനിക പിന്തുണ നൽകുന്നുമുണ്ട്. സ്മാർട്ട്ഫോൺ സോമ്പികളായി സ്ഥലകാല ബോധമില്ലാതെ ശിരസ്സു കുനിച്ച് നടക്കുന്ന യുവത്വമാണ് മറ്റൊരു ദുരന്തം. മൊബൈൽ ഫോൺ ആസക്തിയിൽ ജീവനുള്ള ശവമായി ഗെയ്മുകളിലും സോഷ്യൽ മീഡിയകളിലുമായി അഭിരമിക്കുകയാണവർ. സാമൂഹികമോ കുടുംബപരമോ വ്യക്തിപരമോ ആയ ഉത്തരവാദിത്തങ്ങളെ തീർത്തും ഗൗനിക്കാതെ ഇന്റർനെറ്റിന്റെയും ഗെയ്മുകളുടെയും മായാവലയത്തിൽ സമയം തള്ളിനീക്കുന്നു. മസ്തിഷ്ക പ്രക്ഷാളനത്തിലൂടെ അപരമത വിദ്വേഷം വളർത്തി വർഗീയ സംഘർഷങ്ങളിലും കലാപങ്ങളിലും തള്ളിയിടുന്ന വെറുപ്പിന്റെ രാഷ്ട്രീയവും യുവാക്കൾക്ക് അപഥസഞ്ചാരപാത ഒരുക്കിക്കൊണ്ടിരിക്കുന്നുണ്ട്. സ്വതന്ത്രവും അന്വേഷണാത്മകവുമായ വാതായനങ്ങൾ അവർക്ക് മുന്നിൽ കൊട്ടിയടക്കപ്പെട്ടിരിക്കുന്നു.

**അപഥസഞ്ചാരത്തിൻെറ ദാർശനികത**



യുവാക്കളെ മോഹഭംഗത്തിൻെറ പടുകുഴിയിൽ തള്ളിയിടുകയാണ് പാശ്ചാത്യൻ 'പുരോഗമനാശയങ്ങൾ' ചെയ്തിരിക്കുന്നത്. പാശ്ചാത്യരിൽ നിന്ന് കൊളുത്തിയ കലയും സാഹിത്യവും പാശ്ചാത്യർ എത്തിപ്പെട്ട ഭയാനകമായ ഇരുട്ടിലേക്ക് നമ്മുടെ യുവാക്കളെയും എത്തിച്ചിരിക്കുന്നു. അവർ ആത്മഹത്യയിലും മയക്കുമരുന്നിലും അഭയം തേടുന്നു. അവരെ നയിക്കുന്ന പാശ്ചാത്യൻ മൂല്യങ്ങൾ സാർത്രിൻെറ അസ്തിത്വ വാദവും മറ്റുമാണ്. അസ്തിത്വ വാദത്തിൻെറ വിഭാവന ഇങ്ങനെയാണ്: "ദൈവം ഉണ്ടെന്ന് ഉറപ്പില്ല, ആ വിശ്വാസത്തിന് ആധാരമില്ല, വിശ്വസിക്കുകയെന്നത് ഒരെടുത്തുചാട്ടമല്ലേ? ദൈവമാണ് വിലക്കുകളുടെയെല്ലാം അധിപൻ. അദ്ദേഹമില്ല. അതിനാൽ എല്ലാം അനുവദനീയമായിരിക്കുന്നു."

അങ്ങനെ വിലക്കുകൾ പൊട്ടിച്ചെത്തിയ യുവാക്കൾ ചെന്നെത്തിയത് മയക്കുമരുന്നുകളുടെയും ആത്മഹത്യയുടെയും മരുഭൂമിയിലാണ്. നശീകരണത്തിന്റെയും അധാർമികതയുടെയും കൊടുംകാട്ടിലാണ്. 'ജീവിതം ഒന്നേയുള്ളൂ, അത് അടിച്ചുപൊളിക്കാനുള്ളതാണ്' എന്നു വാചാലമാകുന്ന നവലിബറൽ മാലിന്യങ്ങളുടെ സൈദ്ധാന്തിക പാരമ്പര്യത്തിൻെറ നേർചിത്രമാണിത്.

ശാസ്ത്രമാത്ര വാദവുമായി ധാർമിക-സദാചാര മൂല്യങ്ങളെ അതിജയിക്കാനാകുമെന്ന് ധരിപ്പിച്ചുകൊണ്ടാണ് നാസ്തികർ യുവാക്കളുടെ ചിന്താശേഷിയെ കൊള്ളയടിക്കാൻ ശ്രമിക്കുന്നത്. പരാജയത്തിൻെറ അഗാധ ഗർത്തങ്ങളിൽ അത്തരം വാദങ്ങൾക്കും സുഖശയനം അനിവാര്യമായിത്തീർന്നു. സർ ഫ്രാൻസിസ് ബേക്കൺ തന്റെ ന്യൂ അത്‌ലാന്റിക്സിൽ എഴുതിയതിങ്ങനെയാണ്: "ശാസ്ത്രം അനിവാര്യമായും മതത്തെ അതിജയിക്കും. ശാസ്ത്രീയജ്ഞാനം പ്രകൃതിയുടെമേൽ മനുഷ്യന് പൂർണനിയന്ത്രണം സാധ്യമാക്കും. അങ്ങനെ ക്ഷേമത്തിന്റെയും സുഖത്തിന്റെയും സന്തോഷത്തിന്റെയും പറുദീസയായി അതിവേഗം ഈ ഭൂമി പരിവർത്തിതമാകും. മരണം, വാർധക്യം, രോഗം, ദാരിദ്ര്യം, യുദ്ധം എന്നിവ പൂർണമായും അവൻ നിർമാർജനം ചെയ്യുന്ന കാലം അനതിവിദൂരമല്ല."

കൃത്രിമബുദ്ധിയുടെ ആധുനിക കാലഘട്ടത്തിലും മരണം, വാർധക്യം, രോഗം, ദാരിദ്ര്യം, യുദ്ധം എന്നിവയിൽ ഒന്നുപോലും നിർമാർജനം ചെയ്യാൻ ശാസ്ത്രത്തിനായിട്ടില്ല എന്നത് ഒരു പരമാർഥമാണ്. എന്നിട്ടും യുവാക്കളുടെ ചിന്താശേഷിയെ മോഹഭംഗങ്ങളിൽ തളച്ചിടുകയാണ് നാസ്തികത.

മനുഷ്യർക്കിടയിലുള്ള പ്രശ്നങ്ങളെ പൂർണമായി പരിഹരിച്ചുകൊണ്ട് ഭൂമിയിൽ 'സ്വർഗലോകം'

പണിയുമെന്ന് അവകാശപ്പെട്ടുകൊണ്ടാണ് ദാസ് ക്യാപിറ്റലുമായി മാർക്സ് യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടത്. പക്ഷേ, കമ്യൂണിസം ലോക ചക്രവാളത്തിൽനിന്ന് പിൻവാങ്ങാൻ വിധിക്കപ്പെട്ട പ്രത്യയശാസ്ത്രമാണെന്ന് അതിൻെറ പ്രചാരകർതന്നെ തുറന്നെഴുതിയിട്ടുണ്ട്. ലോകത്തിന് കുറച്ചുകൂടി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മാനവരാശിക്ക് നരകം പണിയുകയായിരുന്നുവെന്ന് അതിന്റെ ചരിത്രവും ബോധ്യപ്പെടുത്തുന്നുണ്ട്. അവസാനം വിപ്ലവത്തിന് തൊട്ടുടനെ സോവിയറ്റ് യൂണിയൻ അഭിമുഖീകരിച്ച കടുത്ത ക്ഷാമത്തെ നേരിടാൻ ന്യൂ എക്കണോമിക് പോളിസിയിലൂടെ കമ്യൂണിസത്തിൽ വെള്ളം ചേർക്കേണ്ടിവന്ന ഹതഭാഗ്യനായിരുന്നു ലെനിൻ.

ഇരുപതാം നൂറ്റാണ്ടിന്റെ വഴിത്തിരിവിൽ ലൈംഗിക മനഃശാസ്ത്രവുമായി ഫ്രോയിഡ് പ്രത്യക്ഷപ്പെട്ടു. എല്ലാ പ്രശ്നങ്ങളുടെയും അസന്തുഷ്ടിയുടെയും കാതലായ കാരണം ലൈംഗികമായ പിരിമുറുക്കങ്ങളും വിലക്കുകളുമാണെന്നും സ്വതന്ത്രമായ ലൈംഗിക വ്യാപാരത്തിലൂടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നും അദ്ദേഹം അവകാശപ്പെട്ടു. ഫ്രോയിഡിൻെറ ഉദാരലൈംഗികത എയിഡ്സ് രോഗം പോലെയുള്ള മഹാവിപത്തുകൾക്ക് വിത്തുപാകിയെന്നതിലപ്പുറം സമൂഹത്തിനും യുവാക്കൾക്കുമുണ്ടായ ലാഭമെന്തെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഫ്രോയിഡിൻെറ ഉദാരലൈംഗികതാസിദ്ധാന്തമാണ് ഇന്ന് കമ്യൂണിസ്റ്റ് വിപ്ലവ യുവത കാമ്പസുകളിൽ പരീക്ഷിച്ചു കൊണ്ടിരിക്കുന്നത്, ജെന്റർ പൊളിറ്റിക്സിന്റെ ലൈംഗികവർണരാജിയും സ്വയംഭോഗ കാമ്പയ്നും പ്രണയക്കത്തുകളുടെ ശിപായിയും സ്വവർഗരതിയുടെ അമ്പാസിഡറുമെല്ലാമായി കാമ്പസുകളെ മലീമസപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

*യുവത്വം, നിർവചനം*

*‘നീ നിന്റെ വേരുകളെ ശ്രദ്ധിക്കുക*
*പൂവുകളെ ശ്രദ്ധിക്കേണ്ട.*
*വേരുകൾക്കാരോഗ്യമുണ്ടെങ്കിൽ*
*പൂക്കാതെയെങ്ങനെയിരിക്കും?*
*വേരുകൾ നശിച്ചാൽ*
*നീ ഇപ്പോൾ പൂക്കുന്നില്ലെങ്കിൽ കൂടി*
*എത്ര കാലം പൂക്കും?’*

കെ. ജയശീലന്റെ ‘വേരുകൾ’ എന്ന കവിതയിലെ വരികളാണിത്.

മനുഷ്യജീവിതത്തിൽ നിലപാടുകളും സത്യാസത്യവിവേചനങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്ന അടിവേരാകുന്ന കാലഘട്ടമാണ് യുവത്വം. വിനാശകരമായ ചിന്തകളും ചെയ്തികളുംകൊണ്ട് വേരുകൾ പിഴുതെറിയപ്പെടാതിരുന്നാൽ യുവത്വം ഫലസിദ്ധിയുള്ളതാകും. രാഷ്ട്രത്തിനും സമുഹത്തിനും കുടുംബത്തിനും വടവൃക്ഷമായി സദാസമയങ്ങളിലും തണലേകുന്നതും ഫലങ്ങൾ വിതറുന്നതും ഉയർച്ചയുടെ പടവുകൾ താണ്ടാൻ പ്രാപ്തമാകുന്നതുമാകണം യുവത്വം. കാരണം നാടിന്റെ ജീവനിണമാണ് യുവജനങ്ങൾ. അവരെ വളർത്തുക നാടിന്റെ കടമയാണ്.

*യുവത്വം അവസരവും സ്വപ്നവുമാണ്,*
*അതിനെ പ്രയോജനപ്പെടുത്തുകയും സാക്ഷാത്രിക്കുകയും വേണം.*

*യുവത്വം വെല്ലുവിളിയും കടമയുമാണ്,*
*അത് ഏറ്റെടുക്കകയും പൂർത്തിയാക്കുകയും വേണം.*

*യുവത്വം മത്സരവും വാശ്ദാനവുമാണ്, അത്*

മനുഷ്യർക്കിടയിലുള്ള പ്രശ്നങ്ങളെ പൂർണമായി പരിഹരിച്ചുകൊണ്ട് ഭൂമിയിൽ ‘സ്വർഗലോകം’ പണിയുമെന്ന് അവകാശപ്പെട്ടുകൊണ്ടാണ് ദാസ് ക്യാപിറ്റലുമായി മാർക്സ് യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടത്. പക്ഷേ, കമ്യൂണിസം ലോക ചക്രവാളത്തിൽനിന്ന് പിൻവാങ്ങാൻ വിധിക്കപ്പെട്ട പ്രത്യയശാസ്ത്രമാണെന്ന് അതിന്റ പ്രചാരകർതന്നെ തുറന്നെഴുതിയിട്ടുണ്ട്. ലോകത്തിന് കുറച്ചുകൂടി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മാനവരാശിക്ക് നരകം പണിയുകയായിരുന്നുവെന്ന് അതിന്റെ ചരിത്രവും ബോധ്യപ്പെടുത്തുന്നുണ്ട്. അവസാനം വിപ്ലവത്തിന് തൊട്ടുടനെ സോവിയറ്റ് യൂണിയൻ അഭിമുഖീകരിച്ച കടുത്ത ക്ഷാമത്തെ നേരിടാൻ ന്യൂ എക്കണോമിക് പോളിസിയിലൂടെ കമ്യൂണിസത്തിൽ വെള്ളം ചേർക്കേണ്ടിവന്ന ഹതഭാഗ്യനായിരുന്നു ലെനിൻ.

*വിജയിക്കുകയും പാലിക്കപ്പെടുകയും വേണം.*

*യുവത്വം കഷ്ടപ്പാടും അമൂല്യവുമാണ്, അത് അതിജീവിക്കുകയും നശിപ്പിക്കാതിരിക്കുകയും വേണം.*

യുവാക്കളെ സക്രിയമാക്കാൻ വിശുദ്ധ ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ചില കാര്യങ്ങളുണ്ട്. അതിലൊന്ന് മാനവ വിമോചനത്തിന് സ്ഥായീഭാവം നൽകുന്ന വ്യക്തിയുടെ വിമലീകരണമാണ്. അല്ലാഹുവെ കുറിച്ചുള്ള സ്മരണകളും അവൻെറ പ്രീതി നേടിയെടുക്കണമെന്ന അഭിലാഷവുമാണ് വ്യക്തിയുടെ വിമലീകരണത്തിൻെറ അടിത്തറ. സ്വന്തം ഇഛകൾക്കും തൃഷ്ണകൾക്കുമെതിരെയുള്ള പോരാട്ടത്തിലൂടെയാണ് വിമലീകരണത്തിനുവേണ്ടി ശ്രമിക്കേണ്ടത്. ദുഃസ്വഭാവങ്ങളിൽനിന്നും ദുർവൃത്തികളിൽനിന്നും മുക്തമാകാൻ സമൂഹത്തെയും യുവതയെയും പ്രാപ്തമാക്കുകയെന്നതാണ് ഇസ്‌ലാം ചെയ്തുകൊണ്ടിരിക്കുന്നത്. വിശുദ്ധ ക്വുർആൻ പറയുന്നു: "തീർച്ചയായും അതിനെ (മനുഷ്യാസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (91:9,10).



മനുഷ്യജീവിതത്തിൻെറ ലക്ഷ്യം തിരിച്ചറിയുകയെന്നതാണ് മറ്റൊരു കാര്യം. അനശ്വരമായ മരണാനന്തര ജീവിതത്തിലെ സുഖവും സംതൃപ്തിയുമുള്ള യഥാർഥ ജീവിതമായിരിക്കണം ജീവിതലക്ഷ്യം. ഇങ്ങനെയൊരു ജീവിതം ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകാൻ സാധ്യതയില്ല. 1516ൽ പ്രസിദ്ധീകരിച്ച തോമസ് മൂറിന്റെ 'ഉട്ടോപ്യ' എന്ന നോവലിൽ സങ്കൽപിക്കപ്പെട്ടിരിക്കുന്നത് അത്തരമൊരു ലോകമാണ്. അക്രമവും അനീതിയുമില്ലാത്ത ഉട്ടോപ്പിയ ദ്വീപിൽ സൽസ്വഭാവിയും സത്യസന്ധനുമായ ഉട്ടോപ്പസ് രാജാവിൻെറ പ്രജകൾ സഹകരണത്തോടെയും സമാധാനത്തോടെയും ജീവിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് ഈ നോവലിൻെറ ഇതിവൃത്തം. 1623ൽ പ്രസിദ്ധീകരിക്കപ്പെട്ട തോമസ് കാംപനെല്ലായുടെ 'ദി സിറ്റി ഓഫ് ദി സൺ' എന്ന രചനയും അങ്ങനെയൊരു തേട്ടത്തിന്റെ ആവിഷ്കാരമാണ്. എന്നാൽ അല്ലാഹു ക്വുർആനിൽ പറയുന്നു: "സൂക്ഷ്മത പാലിക്കുന്നവർക്ക് അകലെയല്ലാത്ത വിധത്തിൽ സ്വർഗം അടുത്തു കൊണ്ടുവരപ്പെടുന്നതാണ്. (അവരോട് പറയപ്പെടും:) അല്ലാഹുവിങ്കലേക്ക് ഏറ്റവുമധികം മടങ്ങുന്നവനും (ജീവിതം) കാത്തുസൂക്ഷിക്കുന്നവനുമായ ഏതൊരാൾക്കും നൽകാമെന്ന് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാകുന്നു ഇത്. അതായത് അദൃശ്യമായ നിലയിൽ പരമകാരുണികനെ ഭയപ്പെടുകയും താഴ്മയുള്ള ഹൃദയത്തോടുകൂടി വരുകയും ചെയ്തവന്ന്. (അവരോട് പറയപ്പെടും:) സമാധാനപൂർവം നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക. ശാശ്വതവാസത്തിനുള്ള ദിവസമാകുന്നു അത്. അവർക്കവിടെ ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും. നമ്മുടെ പക്കലാകട്ടെ കൂടുതലായി പലതുമുണ്ട്" (50:31-35).

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിൻെറ വചനങ്ങളിൽ വിശ്വസിക്കുകയും സുകൃതം ചെയ്യുകയും ചെയ്തവന് മരണാനന്തര ജീവിതത്തിൽ അതിൻെറ പ്രതിഫലം സുന്ദരമായ സമാധാനത്തിൻെറ സ്വർഗീയ ആരാമങ്ങളാണ് സംവിധാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്.

## സക്രിയമായ യുവത്വം

യുവത്വകാലത്തെ കരുത്തും ശേഷിയും ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയവരാണ് മാനവരാശിയെ വിമോചനത്തിൻെറ സന്ദേശം പകർന്നുനൽകി ശരിയായ പാതയിലേക്ക് നയിച്ച പ്രവാചകൻമാരും പരിഷ്കർത്താക്കളുമെല്ലാം. സമൂഹത്തെ വിശ്വാസ ജീർണതകളിൽനിന്നും സാംസ്കാരികാധഃപതനങ്ങളിൽനിന്നും മോചി പ്പിച്ചെടുക്കാൻ അവർ ആർജവത്തോടെ രംഗത്തിറങ്ങുമ്പോൾ അവർ നന്നെ ചെറുപ്പമായിരുന്നു. മഹാനായ ഇബ്റാഹീം നബി(അ) നാട്ടിൽ വിഗ്രഹാരാധനയും അധാർമിക പ്രവണതകളും അരങ്ങുതകർത്തപ്പോൾ സമൂഹത്തെ ധിഷണാപരമായി ഉണർത്താനുള്ള ശ്രമങ്ങളുണ്ടായി. പരമ്പരാഗത ആചാരങ്ങളെ വിലക്കുന്നതിൽ കുപിതരായ സമൂഹം തീകുണ്ഡാരത്തിലേക്കെറിഞ്ഞപ്പോൾ ഇബ്റാഹീം നബി(അ)ക്ക് പ്രായം

16 ആയിരുന്നുവെന്ന് ഇബ്നു കസീർ(റഹി) വിശദീകരിക്കുന്നുണ്ട്.

നാട്ടിലെ ഉൽസവങ്ങളിൽ നടക്കുന്ന സാമൂഹ്യവിരുദ്ധമായ അനാചാരങ്ങളിലും ശിർക്കിലും വീർപ്പുമുട്ടിയപ്പോൾ ശക്തമായി പ്രതികരിച്ചവരായിരുന്നു ഗുഹാനിവാസികൾ. അവരും ഏഴ് യുവാക്കളായിരുന്നു. മാനവരാശിയിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരഖിലവും ചെറുപ്രായക്കാരായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. മുഹമ്മദ് നബി(സ്വ) നിയോഗിതനായിരുന്നപ്പോഴും ആദ്യം വിശ്വസിച്ചവരിലധികവും യുവാക്കളായിരുന്നു. സ്വർഗമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്ത് സ്വഹാബികളും വിശ്വാസത്തിന്റെ ശാദ്വലതീരം തേടിയത് യുവത്വത്തിൻെറ പ്രസരിപ്പിലായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ വീരേതിഹാസം രചിച്ച പലരെയും പരിശോധിച്ചാൽ അവരുടെ ചെറുപ്പം ബോധ്യപ്പെടും.

മദീനാ കാലഘട്ടത്തിന്റെ പത്തുവർഷം പിന്നിടുമ്പോഴേക്ക് ഇസ്‌ലാം അറേബ്യ ദ്വീപിന്റെ പുറത്ത് ഭൂഖണ്ഡങ്ങളും പൗരാണിക നാഗരികതകളും മറികടന്ന് മനുഷ്യമനസ്സുകളെ കീഴടക്കി മുന്നേറി. നബി(സ്വ)യിൽനിന്ന് വിശുദ്ധ ക്വുർആനും അതിന്റെ നേർജീവിത പ്രയോഗങ്ങളും പഠിച്ച യുവസ്വഹാബികളാണ് ഈ പ്രബോധന പ്രചാരണത്തിന് നേരിട്ട് നേതൃത്വം നൽകിയത്. അവരുടെ അറിവും ഊർജവും അടുത്ത തലമുറക്ക് നൽകി യുവത്വത്തിൻെറ കരുത്ത് ഇസ്‌ലാമിക പ്രചാരണത്തിന് ശക്തി കൂട്ടി. ലോകഭരണകൂടങ്ങൾക്ക് പോലും നൈതികതയുടെ പാഠം പകർന്നുനൽകിയ പ്രവാചകാനുയായികളും അവരുടെ അടുത്ത തലമുറയുമെല്ലാം ലോകത്തെ അത്ഭുതപ്പെടുത്തി കടന്നുപോയവരാണ്. മഹാനായ ഉമർ ബിൻ അബ്ദുൽ അസീസ് (റഹി) രാജ്യം ഭരിച്ചത് കേവലം രണ്ടര വർഷമായിരുന്നു. അദ്ദേഹത്തിന് തന്റെ അധികാര പരിധിയിൽ വിശപ്പടക്കാനാകാത്ത ഒരു ദരിദ്രനും അവശേഷിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിച്ചിരുന്നു. അദ്ദേഹം മരിക്കുമ്പോൾ വളരെ ചെറിയ പ്രായമായിരുന്നുവെന്ന് ചരിത്രം ഓർമിപ്പിക്കുന്നു. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് ആണയിടുന്ന ഭൗതിക പ്രത്യയശാസ്ത്ര വക്താക്കൾക്ക് ഇങ്ങനെയൊരും രാജ്യം രൂപപ്പെടുത്താനാകുമോ? വൈജ്ഞാനിക രംഗത്തെ അഭൂത പൂർണമായ കുതിപ്പിന് നേതൃത്വം നൽകിയ പല മഹാന്മാരും ചെറുപ്പക്കാരായിരുന്നു. ശാസ്ത്രവും അതിന്റെ വ്യത്യസ്ത ശാഖകളും ചരിത്രവും ഭാഷയും വിജ്ഞാനത്തിന്റെ മറ്റു വകഭേദങ്ങളും വിശുദ്ധ ക്വുർആനിന്റെ ആശയതീരത്തുനിന്ന് മഹാവിപ്ലവം സൃഷ്ടിച്ചത്

> ബഹുദൈവാരാധനകളിൽനിന്ന് മുക്തമായി ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലൂടെ ആരുടെയും മുന്നിൽ നമ്രശിരസ്കരാകേണ്ട ഗതികേട് വരില്ലെന്നതാണ് ആദർശ യുവതയുടെ പ്രത്യേകത. അധാർമികതയുടെ അഗാധഗർത്തങ്ങളിൽ ആപതിച്ചുപോയ ജനപഥത്തെ ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിച്ച് അവരെ മാനസിക വിമലീകരണത്തിന് വിധേയമാക്കി വ്യക്തമായ നിലപാടുള്ളവരാക്കാൻ സാധിക്കുമെന്നതാണ് ഇതിന്റ പ്രത്യേകത. സാമൂഹിക പരിവർത്തനത്തിന് പ്രവാചകൻമാർ സ്വീകരിച്ച മുൻഗണനാക്രമം അതായിരുന്നു. ആൾദൈവസംസ്കാരവും സൃഷ്ടിപൂജയും ആത്മീയ ചൂഷണങ്ങളും അരങ്ങുവാഴുമ്പോൾ അവരെ സമുദ്ധരിക്കുന്ന ഉത്തരവാദിത്തമേറ്റെടുത്തവരാണ് മുജാഹിദ് യുവത. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സമൂഹത്തിൽ നിറഞ്ഞുനിൽക്കുന്നത് കറകളഞ്ഞ ആദർശം നെഞ്ചേറ്റിക്കൊണ്ടാണ്.

യുവത്വം എങ്ങനെ സക്രിയമാക്കണമെന്ന പാഠം നമുക്ക് പകർന്നുനൽകുന്നുണ്ട്.

### യുവതയുടെ ധീരമായ പാത

ആഇശ(റ)യിൽനിന്ന്: "എന്റെ മാതാപിതാക്കളെ ഞാനറിഞ്ഞതുമുതൽ അവരിരുവരും സത്യദീൻ കൈക്കൊണ്ടവരായിരുന്നു. പകലിൽ രാവിലെയും വൈകുന്നേരവുമായി രണ്ടുതവണ നബി(സ്വ) ഞങ്ങളുടെ അടുക്കൽ വരാതെ ഒരു ദിവസവും ഞങ്ങൾക്ക് കടന്നുപോയിട്ടില്ല. മുസ്‌ലിംകൾ കടുത്ത പരീക്ഷണത്തിന് വിധേയരായപ്പോൾ അബൂബക്ർ(റ) അബ്സീനിയയുടെ ഭാഗത്തേക്ക് പലായനം ചെയ്യുവാനായി പുറപ്പെട്ടു. യാത്രാമധ്യെ ബർകുൽ ഗിമാദ് എന്ന സ്ഥലത്തെത്തിയപ്പോൾ ഖാറ ഗോത്രത്തലവനായ ഇബ്നുദുഗിന്ന അദ്ദേഹവുമാ

യി കണ്ടുമുട്ടി. അദ്ദേഹം അബൂബക്റി(റ)നോട് ചോദിച്ചു: 'എങ്ങോട്ടാണ് അബൂബക്ർ താങ്കൾ പോകുന്നത്?' അബൂബക്ർ(റ) പറഞ്ഞു: 'എൻെറ ജനത എന്നെ പുറത്താക്കി. അതിനാൽ ഭൂമിയിലൂടെ സഞ്ചരിച്ച് എൻെറ നാഥന് കീഴ്പ്പെട്ടു ജീവിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ ഇബ്നുദുഗിന്ന പ്രതികരിച്ചു: 'അബൂബക്റേ, താങ്കളെ പോലുള്ളവർ പുറത്തുപോകരുത്. പുറത്താക്കപ്പെടുകയുമരുത്. താങ്കൾ നിരാലംബർക്ക് സഹായിയാണ്. കുടുംബ ബന്ധം ചേർക്കുന്നവനാണ്. അവരുടെ ഭാരങ്ങൾ ഏറ്റെടുക്കുന്നവനാണ്. അതിഥികളെ സൽകരിക്കുന്നവനാണ്. പ്രകൃതി വിപത്തുകളിൽ അകപ്പെടുന്നവരെ സഹായിക്കുന്നവനുമാണ്. ഞാൻ താങ്കൾക്ക് അഭയം നൽകാം. മടങ്ങിക്കൊള്ളൂ. താങ്കളുടെ നാട്ടിൽ വെച്ചുതന്നെ താങ്കളുടെ റബ്ബിനെ ആരാധിച്ച് ജീവിച്ചോളു.' അങ്ങനെ അബൂബക്ർ(റ) മടങ്ങി.

ഇതാണ് ആധുനിക യുവതയെ സാമൂഹിക നവോത്ഥാനത്തിനും പരിഷ്കരണ പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താൻ സ്വീകരിക്കേണ്ട ഉദാത്തമായ മാതൃക. ബഹുദൈവാരാധനകളിൽനിന്ന് മുക്തമായി ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലൂടെ ആരുടെയും മുന്നിൽ നമ്രശിരസ്കരാകേണ്ട ഗതികേട് വരില്ലെന്നതാണ് ആദർശ യുവതയുടെ പ്രത്യേകത. അധാർമികതയുടെ അഗാധഗർത്തങ്ങളിൽ ആപതിച്ചുപോയ ജനപഥത്തെ ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിച്ച് അവരെ മാനസിക വിമലീകരണത്തിന് വിധേയമാക്കി വ്യക്തമായ നിലപാടുള്ളവരാക്കാൻ സാധിക്കുമെന്നതാണ് ഇതിൻെറ പ്രത്യേകത. സാമൂഹിക പരിവർത്തനത്തിന് പ്രവാചകൻമാർ സ്വീകരിച്ച മുൻഗണനാക്രമം അതായിരുന്നു. ആൾദൈവസംസ്കാരവും സൃഷ്ടിപൂജയും ആത്മീയ ചൂഷണങ്ങളും അരങ്ങുവാഴുമ്പോൾ അവരെ സമുദ്ധരിക്കുന്ന ഉത്തരവാദിത്തമേറ്റെടുത്തവരാണ് മുജാഹിദ് യുവത. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സമൂഹത്തിൽ നിറഞ്ഞുനിൽക്കുന്നത് കറകളഞ്ഞ ആദർശം നെഞ്ചേറ്റിക്കൊണ്ടാണ്.

മതനിരാസത്തിലേക്കും ദൈവനിഷേധത്തിലേക്കും നയിക്കുന്ന നാസ്തികതയെ വൈജ്ഞാനികമായി പ്രതിരോധിക്കുവാനുള്ള 'ഡയലോഗു'കളും വിസ്ഡം യൂത്തിൻെറ സംവിധാനമാണ്. മത-ഭൗതിക രംഗത്തെ പ്രശ്നങ്ങളിൽ ശരിയായ ദിശ നൽകുന്ന 'സ്പോട്ട് ലൈറ്റ്,' 'പ്രൂഫ് പോയിന്റ്' പോലുള്ള ഓൺലൈൻ പരിപാടികൾ ഡയലോഗ് ടീവിയിൽ സത്യാന്വേഷികൾക്ക് എന്നും അവലംബമാണ്. ഇസ്‌ലാമിക വിജ്ഞാനങ്ങൾ കൊണ്ട് സമ്പന്നമായ പ്രഭാഷണങ്ങളും സംഭാഷണങ്ങളും ക്വുർആൻ പഠനങ്ങളും ഹദീസ് പാഠങ്ങളും കമശാസ്ത്രം, ചരിത്രം തുടങ്ങിയ വിജ്ഞാന ശാഖകൾ കൊണ്ട് നിറഞ്ഞുനിൽക്കുന്ന 'പീസ് റേഡിയോ,' 'സമീൽ ആപ്' പോലെയുള്ള സംരംഭങ്ങളും യുവതയുടെ കർമശേഷിയുടെ അടയാളങ്ങളാണ്.

ഇസ്‌ലാം വിമർശനങ്ങൾക്കായി ശത്രുക്കൾ പടച്ചുവിടുന്ന കാര്യങ്ങളെ ആഴത്തിലുള്ള പഠനങ്ങളിലൂടെ കണ്ടെത്താനും വിമർശനങ്ങളെ പ്രതിരോധിക്കാനും ഗവേഷകരും ഗവേഷക വിദ്യാർഥികളുമടങ്ങുന്ന എപിസ്റ്റം എന്ന പാനലും വിസ്ഡം യൂത്തിൻെറ വിജ്ഞാന സ്രോതസ്സുകൾക്ക് ശക്തിപകരുന്നവയാണ്. രാഷ്ട്രീയാവബോധം നൽകുന്ന പഠനങ്ങൾക്കും ചരിത്രത്തിന്റെ നിഷ്പക്ഷമായ വായനക്കുമുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സാഹോദര്യവും സൗഹൃദവും മുഖമുദ്രയാക്കി സമാധാന സന്ദേശ പ്രചാരണത്തിന് സൗഹൃദ ഹസ്തവും ഗൃഹസന്ദർശനവുമെല്ലാം പ്രവർത്തനപഥങ്ങളിൽ ആവേശഭരിതമാക്കുന്നവയാണ്.

നിരാലംബർക്ക് സഹായം എത്തിച്ചുകൊടുക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങളുണ്ട്. വിശപ്പുരഹിത ഭവനത്തിനായി 'ട്രീറ്റ്' പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്രകൃതി ദുരന്തത്തിലകപ്പെട്ടവരെ സഹായിക്കാനുള്ള സംവിധാനങ്ങളും നിരാലംബരായ രോഗികളെ പരിചരിക്കാനുള്ള സൗകര്യങ്ങളുമെല്ലാം മുജാഹിദ് യുവതയുടെ സക്രിയമായ ഇടപെടലുകളാണ്. മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവർക്ക് സമാശ്വാസമായി 'വിസ്ഡം അലൈവ്' വിദഗ്ധരായ കൗൺസലർമാരാൽ സജീവമാണ്. തൊഴിൽ രംഗത്ത് മാർഗ നിർദേശങ്ങളുമായി 'ഗൈഡൻസ് സെൽ' പ്രവർത്തിക്കുന്നു. സംരംഭകർക്ക് ശരിയായ ദിശയിലൂടെ നീങ്ങാനും വിദഗ്ധ പാനലുപയോഗിച്ചുകൊണ്ടുള്ള മാർഗനിർദേശങ്ങൾക്കും അവസരമൊരുക്കിയിട്ടുണ്ട്.

സ്വയം തൊഴിൽ പദ്ധതികൾക്കുള്ള സഹായവും ആവശ്യക്കാരെ കണ്ടെത്തി നൽകുന്നുണ്ട്. വിശുദ്ധ ക്വുർആൻ പ്രവാചകാധ്യാപനങ്ങളിലൂടെ മനസ്സിലാക്കാനും പഠനം ജനകീയമാക്കാനും ഒരുക്കിയ 'ക്വുർആൻ ഹദീസ് ലേണിംഗ് സ്കൂളുകൾ,' ഹദീസ് സെമിനാറുകൾ, ക്വുർആൻ സമ്മേളനങ്ങൾ തുടങ്ങിയവ പ്രബോധന പദ്ധതികളിൽ ചിലതാണ്. വിവാഹിതരാകുന്ന യുവതിയുവാക്കൾക്കായി 'പ്രീമാരിറ്റൽ കൗൺസെലിംഗ്,' ജോലിയുള്ള ദമ്പതികൾക്ക് വേണ്ടിയുള്ള 'മവദ്ദ,' പുതിയ മിഥുനങ്ങൾക്കായി 'മഹബ്ബ' തുടങ്ങീ ജീവിതത്തിൻെറ വ്യത്യസ്ത രംഗങ്ങളിൽ കൃത്യമായ വെളിച്ചം വീശുന്ന പദ്ധതികളുമായി വിസ്ഡം യൂത്ത് സമൂഹത്തിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ഈ പ്രവർത്തന ശൃംഖലയിലെ ഒരു കണ്ണിയാകാനുള്ള അവസരം എല്ലാവർക്കുമുണ്ട്. ■

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

# സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം 03

> ആരെങ്കിലും തന്റെ വാക്കുകളിലും പ്രവൃത്തികളിലും സുന്നത്തിനെ നേതാവാക്കി അതനുസരിച്ച് മുന്നോട്ട് പോകുന്നുവെങ്കിൽ യുക്തിഭദ്രമായ വിജ്ഞാനമായിരിക്കും അയാളിൽ നിന്ന് പുറത്തുവരിക. നേരെമറിച്ച് ആരെങ്കിലും ദേഹേച്ഛയെയാണ് നേതാവാക്കി അനുസരിക്കുന്നതെങ്കിൽ അയാളുടെ വാക്കിലും പ്രവൃത്തികളിലും സുന്നത്തിനു വിരുദ്ധമായ ബിദ്അത്തായിരിക്കും ഉണ്ടാവുക"

6. അബൂഹുറയ്റ(റ) പറയുന്നു, നബി(സ്വ) പറഞ്ഞു: 'എന്റെ സമുദായം മുഴുവനായും സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവരൊഴികെ.' സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ആരാണ് വിസമ്മതിച്ചവർ?' അവിടുന്ന് പറഞ്ഞു: 'ആർ എന്നെ അനുസരിച്ചുവോ, അയാൾ സ്വർഗത്തിൽ പ്രവേശിക്കും. ആർ എന്നോട് അനുസരണക്കേട് കാണിക്കുന്നുവോ അയാൾ വിസമ്മതിച്ചവനാണ്' (ബുഖാരി).

7. അബൂഹുറയ്റ(റ) പറയുന്നു, നബി(സ്വ) പറഞ്ഞു: "ഞാൻ നിങ്ങളോട് വിരോധിച്ചതിൽനിന്ന് നിങ്ങൾ വിട്ടകന്നു നിൽക്കുക. ഞാൻ നിങ്ങളോട് കൽപിച്ച കാര്യങ്ങൾ നിങ്ങൾക്ക് സാധിക്കുന്നത്ര നിങ്ങൾ പ്രവർത്തിക്കുകയും ചെയ്യുക. തീർച്ചയായും നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചുകളഞ്ഞത് അവരുടെ അധികരിച്ച ചോദ്യങ്ങളും പ്രവാചകന്മാരോട് എതിരാവലുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

8. നബി(സ്വ) പറഞ്ഞു: "ഞാൻ കൊണ്ടുവന്ന ആശയാദർശങ്ങളോട് യോജിക്കുന്ന വിധത്തിൽ സ്വന്തം ഇച്ഛകളും ആയിത്തീരുന്നതുവരെ നിങ്ങളിലൊരാളും പരിപൂർണ വിശ്വാസിയാവുകയില്ല" (ഇമാം നവവി തന്റെ 'നാൽപതു ഹദീസുകൾ' എന്ന ഗ്രന്ഥത്തിൽ അബ്ദുല്ലാഹിബ്നു അംറി(റ)ൽ നിന്നും ഉദ്ധരിക്കുന്ന ഈ ഹദീസ് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്).

ഇബ്നു ഹജർ(റഹി) പറയുന്നു: "ബൈഹകി തന്റെ



'അൽമദ്ഖലി'ലും ഇബ്നു അബ്ദിൽബിർറ് 'ബയാനുൽ ഇൽമി'ലും ഒരുപറ്റം താബിഉകളിൽനിന്നും-ഹസൻ, ഇബ്നു സിരീൻ, ശുറൈഹ്, ശഅ്ബി, നഖഈ പോലുള്ളവരിൽനിന്ന്- (കേവലം അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ട് സംസാരിക്കുന്നതിനെ ആക്ഷേപിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ) നല്ല പരമ്പരയോടുകൂടി ഉദ്ധരിക്കുന്നുണ്ട്. ആ റിപ്പോർട്ടുകളെല്ലാം ഉൾകൊള്ളുന്നത് മേൽസൂചിപ്പിച്ച, അബൂഹുറയ്റ(റ) പറഞ്ഞ ഹദീസ്, ഹസനുബ്നു സുഫ്‌യാനും മറ്റും ഉദ്ധരിച്ചിട്ടുണ്ട്. ഇതിന്റെ നിവേദകർ പ്രബലരാണ്. ഇമാം നവവി 'നാൽപതു ഹദീസു'കളുടെ അവസാനത്തിൽ ഇത് സ്വഹീഹാനെന്നു പറയുകയും ചെയ്തിട്ടുണ്ട്" (ഫത്ഹുൽ ബാരി 13/289).

9. ഉമർ(റ) ഹജറുൽ അസ്‌വദിന്റെ അടുക്കൽ ചെന്ന് അതിനെ ചുംബിച്ചിട്ട് ഇപ്രകാരം പറഞ്ഞു: "തീർച്ചയായും ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത ഒരു കല്ല് മാത്രമാണ് നീയെന്ന് എനിക്ക് നന്നായറിയാം. നബി(സ്വ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല"(ബുഖാരി, മുസ്‌ലിം).

10. അബൂഹുറയ്റ(റ) പറയുന്നു; നിശ്ചയം, നബി (സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു സന്മാർഗകാര്യത്തിലേക്ക് ആരെയെങ്കിലും ക്ഷണിച്ചാൽ അയാളെ പിൻപറ്റുന്നവരുടെതിനു സമാനമായ പ്രതിഫലം ആ ക്ഷണിച്ചയാൾക്കും ഉണ്ടായിരിക്കും. അത് അവരുടെ പ്രതിഫലത്തിൽ യാതൊരു കുറവും വരുത്തുന്നതല്ല. അതുപോലെ ആരെങ്കിലും ഒരു വഴികേടിലേക്ക് മറ്റൊരാളെ ക്ഷണിച്ചാൽ അയാളെ പിൻപറ്റിയ എല്ലാവരുടെതിനും സമാനമായ പാപം അയാൾക്കുമുണ്ടായിരിക്കും. എന്നാൽ അത് അയാളുടെ പാപങ്ങളിൽ നിന്ന് യാതൊരു കുറവും വരുത്തുകയില്ല."



സുന്നത്ത് പിൻപറ്റാൻ പ്രേരിപ്പിച്ചുകൊണ്ടും ബിദ്അത്തുകളിൽനിന്ന് താക്കീത് നൽകിക്കൊണ്ടും ധാരാളം ക്വുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളും വന്നിട്ടുള്ളതുപോലെ, സ്വഹാബികളും താബിഉകളുമടങ്ങുന്ന സച്ചരിതരായ മുൻഗാമികളുടെ (സലഫുകളുടെ) ധാരാളം ഉദ്ധരണികളും (അസറുകൾ) ഈ വിഷയത്തിൽ വന്നിട്ടുണ്ട്. അതിൽ ചിലത് കാണുക:

1) അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു: "നിങ്ങൾ സുന്നത്തുകൾ പിൻപറ്റുക. മതത്തിൽ പുതുതായി ഒന്നും കൂട്ടിച്ചേർക്കരുത്. കാരണം ദീൻ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്" (ദാരിമി).

2) ഉസ്മാനുബ്നു ഹാദിർ(റ) പറയുന്നു: "ഞാനൊരിക്കൽ ഇബ്നുഅബ്ബാസി(റ)ന്റെ അടുക്കൽ ചെന്നിട്ട് പറഞ്ഞു: 'എനിക്ക് വേണ്ട ഉപദേശം(വസ്വിയ്യത്ത്) തന്നാലും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ശരി, നീ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് നേരെ ചൊവ്വെ നിലകൊള്ളുക, സുന്നത്ത് പിൻപറ്റുക, ബിദ്അത്തുകളുണ്ടാക്കാതെയിരിക്കുക" (ദാരിമി).

3) അബ്ദുല്ലാഹിബ്നു മസ്ഊദ്

(റ) പറഞ്ഞു: "ആരെങ്കിലും മുസ്‌ലിമായിക്കൊണ്ട് നാളെ അല്ലാഹുവിനെ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, നിർബന്ധ നമസ്‌കാരങ്ങൾ അതിനായി വിളിക്കപ്പെടുന്ന സ്ഥലങ്ങളിൽ (അഥവാ പള്ളികളിൽ വെച്ച് ജമാഅത്തായി) നിർവഹിക്കാൻ ശ്രദ്ധിച്ചുകൊള്ളട്ടെ! നിശ്ചയം, അല്ലാഹു നിങ്ങളുടെ പ്രവാചകന് സന്മാർഗചര്യകൾ മതമാക്കിയിരിക്കുന്നു. ഈ നമസ്‌കാരങ്ങൾ പ്രസ്തുത സന്മാർഗചര്യകളിൽ പെട്ടതാണ്. നിങ്ങളെങ്ങാനും (പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കാതെ) നിങ്ങളുടെ വീടുകളിൽവെച്ചാണ് ഈ ഫർദു നമസ്‌കാരങ്ങൾ നിർവഹിക്കുന്നതെങ്കിൽ തീർച്ചയായും നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യയാണ് കയ്യൊഴിയുന്നത്. നിങ്ങളെങ്ങാനും നിങ്ങളുടെ പ്രവാചകന്റെ ചര്യകൾ കയ്യൊഴിച്ചാൽ വഴിപിഴച്ചതുതന്നെ!" (മുസ്‌ലിം).

4) അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നു: "എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു; ജനങ്ങൾ അതിനെ നല്ലതായി കണ്ടാലും" (മുഹമ്മദ് ഇബ്നു നസ്‌ർ അൽമർവസി തന്റെ 'അസ്സുന്ന'യിൽ ഉദ്ധരിച്ചത്).

> ആരെങ്കിലും പണ്ഡിതന്മാരുടെ വാക്കുകൾ ക്വുർആനിനോടും സുന്നത്തിനോടും ഒത്തുനോക്കുകയും എന്നിട്ട് പ്രമാണങ്ങളോട് എതിരായ പണ്ഡിതാഭിപ്രായങ്ങളോട് വിയോജിക്കുകയും ചെയ്താൽ അയാൾ ഒരിക്കലും ആ പണ്ഡിതന്മാരെ അവഹേളിച്ചവനോ അവരുടെ വാക്കുകളെ കയ്യൊഴിച്ചവനോ ആവുകയില്ല. മറിച്ച്, അയാൾ അവരെ ശരിയായ വിധത്തിൽ പിൻപറ്റിയവനാണ്. കാരണം, ആ പണ്ഡിതന്മാരൊക്കെയും ഉപദേശിച്ചതും നിർദേശിച്ചതും അതാണ്. അതിനാൽ അവരെ യഥാർഥത്തിൽ പിൻപറ്റിയവൻ അവരുടെ ഉപദേശങ്ങളെ പ്രയോഗവത്കരിച്ചവനാണ്; അല്ലാതെ അവരോട് എതിരായവനല്ല."

5) മുആദുബ്നു ജബൽ(റ) പറയുന്നു: "മതത്തിൽ പുതുതായുണ്ടാക്കുന്ന (ബിദ്അത്തുകളെ) കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. കാരണം അവ വഴികേടാണ്" (അബൂദാവൂദ്).

6) 'ക്വദ്‌റി'നെ (വിധിയിലുള്ള വിശ്വാസത്തെ) കുറിച്ച് ചോദിച്ചുകൊണ്ട് ഒരാൾ ഉമറുബ്നു അബ്ദിൽ അസീസി(റഹി)ന് കത്തെഴുതി. അപ്പോൾ അദ്ദേഹം അയാൾക്ക് ഇപ്രകാരം മറുപടി നൽകി: "അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കണമെന്നും അതിൽ അതിരുവിടാതെ സൂക്ഷിക്കണമെന്നും ഞാൻ നിങ്ങളോട് ഉപദേശിക്കുന്നു. അപ്രകാരം തന്നെ നബി(സ്വ)യുടെ സുന്നത്തുകൾ പിൻപറ്റുകയും അതിനുപുറമെ ആളുകൾ മതത്തിൽ പുതുതായി കടത്തികൂട്ടിയ അനാചാരങ്ങളെ കയ്യൊഴിയുകയും വേണം. നിങ്ങളുടെ കടമ അതാണ്. പുതിയതായി ഒന്നും മതത്തിലേക്ക് ചേർക്കേണ്ടതില്ല. അതിനാൽ നിങ്ങൾ സുന്നത്തുകളെ കണിശമായി പിൻപറ്റുക. തീർച്ചയായും നിങ്ങൾക്കത് സുരക്ഷയായിരിക്കും" (അബൂദാവൂദ്).

7) സഹ്‌ലുബ്നു അബ്ദില്ലാഹി ത്തുസ്തുരി(റ) പറഞ്ഞു: "ആരെങ്കിലും (മത)വിജ്ഞാനങ്ങളിൽ പുതിയതായി വല്ലതും ഉണ്ടാക്കിയാൽ തീർച്ചയായും ക്വിയാമത്ത് നാളിൽ അയാളോട് അതിനെപ്പറ്റി ചോദിക്കുന്നതായിരിക്കും. അത് സുന്നത്തിനോട് യോജിക്കുന്നതും (ബിദ്അത്തല്ലാതിരിക്കുകയും ചെയ്താൽ) അയാൾ രക്ഷപ്പെട്ടു. ഇല്ലെങ്കിൽ അയാൾക്ക് രക്ഷയില്ല" (ഫത്ഹുൽ ബാരി).

8) അബൂ ഉസ്മാൻ അന്നൈസാബൂരി(റഹി) പറയുന്നു: "ആരെങ്കിലും തന്റെ വാക്കുകളിലും പ്രവൃത്തികളിലും സുന്നത്തിനെ നേതാവാക്കി അതനുസരിച്ച് മുന്നോട്ട് പോകുന്നുവെങ്കിൽ യുക്തിഭദ്രമായ വിജ്ഞാനമായിരിക്കും അയാളിൽനിന്ന് പുറത്തുവരിക. നേരെമറിച്ച് ആരെങ്കിലും ദേഹേച്ഛയെയാണ് നേതാവാക്കി അനുസരിക്കുന്നതെങ്കിൽ അയാളുടെ വാക്കിലും പ്രവൃത്തികളിലും സുന്നത്തിനു വിരുദ്ധമായ ബിദ്അത്തായിരിക്കും ഉണ്ടാവുക'' (ഹിൽയത്തുൽ ഔലിയാഅ്).

9) ഇമാം മാലിക്(റഹി) പറഞ്ഞു: "ആരെങ്കിലും ഇസ്‌ലാമിൽ പുതിയതായി വല്ലതും ഉണ്ടാക്കുകയും അത് നല്ല കാര്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്താൽ, മുഹമ്മദ് നബി(സ്വ) തന്റെ ദൗത്യത്തിൽ വഞ്ചനകാണിച്ചു എന്നാ

ണ് അയാൾ അതിലൂടെ വിളിച്ചു പറയുന്നത്. കാരണം അല്ലാഹു പറയുന്നു: 'ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തീകരിച്ച് തന്നിരിക്കുന്നു...'(5:3). അതിനാൽ അന്നേദിവസം ദീനല്ലാത്ത ഒന്നും ഇന്നും ദീനായിരിക്കുകയില്ല" (ശാത്വിബിയുടെ അൽഇഅ്തിസ്വാം).

10) ഇമാം അഹ്മദ്(റഹി) പറയുന്നു: "നബി(സ്വ)യുടെ അനുചരന്മാർ നിലകൊണ്ട ആശയാദർശങ്ങൾ മുറുകെ പിടിച്ച് അവരെ പിൻപറ്റലും ബിദ്അത്തുകൾ കയ്യൊഴിക്കലുമാണ് സുന്നത്തിന്റെ വക്താക്കളുടെ അടിസ്ഥാനം. മതത്തിൽ ഉണ്ടാക്കപ്പെടുന്ന എല്ലാ പുതിയതും (ബിദ്അത്തും) വഴികേടാകുന്നു" (ലാലകാഇയുടെ ശർഹു ഉസ്വൂലി ഇഅ്തികാദി അഹ്ലിസ്സുന്ന 317).

### വിശ്വാസകാര്യങ്ങളിലെന്ന പോലെ മറ്റു കാര്യങ്ങളിലും സുന്നത്ത് പിൻപറ്റൽ അനിവാര്യം

വിശ്വാസകാര്യങ്ങളിൽ നബി(സ്വ)യുടെ അധ്യാപനങ്ങൾ പിൻപറ്റൽ നിർബന്ധമാണ് എന്നപോലെത്തന്നെ ക്വുർആനും സുന്നത്തും പഠിപ്പിക്കുന്ന മറ്റു കാര്യങ്ങളിലും പ്രവാചകചര്യ പിൻപറ്റൽ അനിവാര്യമാണ്. നബി(സ്വ) പറയുന്നു: "നിങ്ങളിൽ ആരെങ്കിലും എന്റെ കാലശേഷം ജീവിച്ചിരിക്കുന്നെങ്കിൽ ധാരാളം ഭിന്നതകൾ കാണാൻ കഴിയുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ ചര്യയും ഖുലഫാഉർറാശിദുകളുടെ ചര്യയും പിൻപറ്റുക."

തെളിവുകൾ വ്യക്തമാകുന്ന സന്ദർഭത്തിൽ ശാഖാപരമായ, ഇജ്തിഹാദിയായ കാര്യങ്ങളിലടക്കം സുന്നത്ത് പിൻപറ്റാനാണ് ഈ ഹദീസ് അറിയിക്കുന്നത്. ഈ സമുദായത്തിലെ സച്ചരിതരായ മുൻകാല പണ്ഡിതന്മാരടക്കം ഇക്കാര്യം ഉപദേശിച്ചിട്ടുണ്ട്. അതിൽ പ്രമുഖരാണ് ഇമാം അബൂഹനീഫ(റഹി), ഇമാം മാലിക്(റഹി), ഇമാം അശ്ശാഫിഈ (റഹി), ഇമാം അഹ്മദ്(റഹി) എന്നിവർ. തങ്ങൾ പറഞ്ഞതിനെതിരായി നബി(സ്വ)യിൽനിന്ന് വല്ല ഹദീസും സ്ഥിരപ്പെട്ടുവന്നാൽ തങ്ങളുടെ വാക്കുകൾ കയ്യൊഴിച്ചു പ്രസ്തുത തെളിവ് സ്വീകരിക്കാനാണ് അവരൊക്കെയും പറഞ്ഞത്.

ഇമാം മാലികി(റ)ന്റെ ഈ വാക്കുകൾ വളരെ പ്രസിദ്ധമാണ്: "നബി(സ്വ)യുടെതല്ലാത്ത ഏതൊരാളുടെയും വാക്കുകളിൽ തള്ളേണ്ടതും കൊള്ളേണ്ടതുമുണ്ടാകും"

ഇമാം ശാഫിഈ(റഹി) പറയുന്നു: "നബി(സ്വ)യുടെ സുന്നത്ത് ഒരാൾക്ക് വ്യക്തമായിക്കഴിഞ്ഞാൽ പിന്നെ മറ്റൊരാളുടെ വാക്കിന്റെ പേരിൽ അത് കയ്യൊഴിക്കാൻ പാടുള്ളതല്ല എന്ന കാര്യത്തിൽ പണ്ഡിതന്മാരുടെ 'ഇജ്മാഅ്' (ഏകോപിച്ച അഭിപ്രായം) ഉണ്ട്. (ഇബ്നുൽ ക്വയ്യിമിന്റെ 'അർറൂഹ്' എന്ന ഗ്രന്ഥം, പേജ് 395-396).

ഉപരിസൂചിത പണ്ഡിതവചനങ്ങൾ ഉദ്ധരിക്കുന്നതിന്റെ അൽപം മുമ്പ് ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "ആരെങ്കിലും പണ്ഡിതന്മാരുടെ വാക്കുകൾ ക്വുർആനിനോടും സുന്നത്തിനോടും ഒത്തുനോക്കുകയും എന്നിട്ട് പ്രമാണങ്ങളോട് എതിരായ പണ്ഡിതാഭിപ്രായങ്ങളോട് വിയോജിക്കുകയും ചെയ്താൽ അയാൾ ഒരിക്കലും ആ പണ്ഡിതന്മാരെ അവഹേളിച്ചവനോ അവരുടെ വാക്കുകളെ കയ്യൊഴിച്ചവനോ ആവുകയില്ല. മറിച്ച്, അയാൾ അവരെ ശരിയായ വിധത്തിൽ പിൻപറ്റിയവനാണ്. കാരണം, ആ പണ്ഡിതന്മാരൊക്കെയും ഉപദേശിച്ചതും നിർദേശിച്ചതും അതാണ്. അതിനാൽ അവരെ യഥാർഥത്തിൽ പിൻപറ്റിയവൻ അവരുടെ ഉപദേശങ്ങളെ പ്രയോഗവത്കരിച്ചവനാണ്; അല്ലാതെ അവരോട് എതിരായവനല്ല."

കർമശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട് അറിയപ്പെടുന്ന നാലു മദ്ഹബുകളിലെയും പണ്ഡിതന്മാരിൽ എത്രയോപേർ മദ്ഹബിലെ അഭിപ്രായങ്ങൾക്ക് എതിരായി പ്രമാണങ്ങൾ സ്ഥിരപ്പെട്ടുവരുമ്പോൾ തെളിവിനെ പിൻപറ്റി ഇമാമുകളുടെ വാക്കുകളെ ഉപേക്ഷിച്ച നിരവധി സംഭവങ്ങളുണ്ട്.

അസബഗ് ഇബ്നു ഫറജ്(റഹി) പറയുന്നു: "നാട്ടിലുള്ള സന്ദർഭത്തിലും (അഥവാ യാത്രക്കാരനല്ലാത്ത അവസ്ഥയിലും) ഖുഫ്ഫയിന്മേൽ തടവാമെന്നത് നബി(സ്വ)യിൽനിന്നും പ്രമുഖരായ സ്വഹാബികളിൽനിന്നും സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. അതിനെതിരിൽ ഇമാം മാലികി(റ)ന്റെ വാക്ക് പിൻപറ്റുന്നതിനെക്കാൾ നമ്മുടെ അടുക്കൽ ഏറ്റവും ശക്തവും പ്രബലവുമായത് പ്രസ്തുത പ്രമാണങ്ങളെ പിൻപറ്റലാണ്" (ഫത്ഹുൽ ബാരി 1/306).

ഹാഫിദ് ഇബ്നു ഹജർ(റഹി) ഫത്ഹുൽ ബാരിയിൽ പറയുന്നു: "നായ പാത്രത്തിൽ തലയിട്ടാൽ ശുദ്ധീകരിക്കുന്നതിന് ഏഴു പ്രാവശ്യം കഴുകുമ്പോൾ ഒന്നാമത് മണ്ണുകൊണ്ടായിരിക്കണമെന്ന ക്രമം (തർതീബ്) പരിഗണിക്കണമെന്ന് മാലികികൾ അഭിപ്രായപ്പെടുന്നില്ല, എന്നാൽ അവരുടെ കൂട്ടത്തിൽ പെട്ട ഖറാഫി(റഹി) പറയുന്നത് കാണുക: "ഈ വിഷയത്തിൽ ഹദീസുകൾ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. എന്നിട്ടും മദ്ഹബിലെ പണ്ഡിതന്മാർ അതനുസരിച്ച് തിരുത്തിപ്പറയാത്തതിലാണ് അത്ഭുതം!"

*(തുടരും)*

# സൂറ: സ്വാദ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 38

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

إِنَّ هَٰذَآ أَخِي لَهُۥ تِسۡعٌ وَتِسۡعُونَ نَعۡجَةً وَلِيَ نَعۡجَةٌ
وَٰحِدَةٌ فَقَالَ أَكۡفِلۡنِيهَا وَعَزَّنِي فِي ٱلۡخِطَابِ ﴿٢٣﴾

23. ഇതാ, ഇവൻ എന്റെ സഹോദരനാകുന്നു. അവന്ന് തൊണ്ണൂറ്റിയൊമ്പതു പെണ്ണാടുകളുണ്ട്. എനിക്ക് ഒരു പെണ്ണാടും. എന്നിട്ട് അവൻ പറഞ്ഞു; അതിനെയും കൂടി എനിക്ക് ഏൽപിച്ചു തരണമെന്ന്. സംഭാഷണത്തിൽ അവൻ എന്നെ തോൽപിച്ചുകളയുകയുംചെയ്തു.'

قَالَ لَقَدۡ ظَلَمَكَ بِسُؤَالِ نَعۡجَتِكَ إِلَىٰ نِعَاجِهِۦۖ وَإِنَّ
كَثِيرٗا مِّنَ ٱلۡخُلَطَآءِ لَيَبۡغِي بَعۡضُهُمۡ عَلَىٰ بَعۡضٍ إِلَّا
ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَقَلِيلٞ مَّا هُمۡۗ
وَظَنَّ دَاوُۥدُ أَنَّمَا فَتَنَّٰهُ فَٱسۡتَغۡفَرَ رَبَّهُۥ وَخَرَّۤ
رَاكِعٗا وَأَنَابَ۩ ﴿٢٤﴾

24. അദ്ദേഹം (ദാവൂദ്) പറഞ്ഞു: 'തന്റെ പെണ്ണാടുകളുടെ കൂട്ടത്തിലേക്ക് നിന്റെ പെണ്ണാടിനെക്കൂടി ആവശ്യപ്പെട്ടതു മുഖേന അവൻ നിന്നോട് അനീതി കാണിക്കുക തന്നെ ചെയ്തിരിക്കുന്നു. തീർച്ചയായും പങ്കാളികളിൽ (കൂട്ടുകാരിൽ) പലരും പരസ്പരം അതിക്രമം കാണിക്കുകയാണ് ചെയ്യുന്നത്. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. വളരെ കുറച്ചു പേരേയുള്ളു അത്തരക്കാർ. ദാവൂദ് വിചാരിച്ചു; നാം അദ്ദേഹത്തെ പരീക്ഷിക്കുക തന്നെയാണ് ചെയ്തതെന്ന്. തുടർന്ന് അദ്ദേഹം തന്റെ രക്ഷിതാവിനോട് പാപമോചനം തേടുകയും അദ്ദേഹം കുമ്പിട്ടുകൊണ്ട് വീഴുകയും ഖേദിച്ചുമടങ്ങുകയും ചെയ്തു.

فَغَفَرۡنَا لَهُۥ ذَٰلِكَۖ وَإِنَّ لَهُۥ عِندَنَا لَزُلۡفَىٰ وَحُسۡنَ
مَـَٔابٖ ﴿٢٥﴾

25. അപ്പോൾ അദ്ദേഹത്തിന് നാം അത് പൊറുത്തുകൊടുത്തു. തീർച്ചയായും അദ്ദേഹത്തിന് നമ്മുടെയടുക്കൽ സാമീപ്യവും മടങ്ങിവരാൻ ഉത്തമമായ സ്ഥാനവുമുണ്ട്.

يَٰدَاوُۥدُ إِنَّا جَعَلۡنَٰكَ خَلِيفَةٗ فِي ٱلۡأَرۡضِ فَٱحۡكُم
بَيۡنَ ٱلنَّاسِ بِٱلۡحَقِّ وَلَا تَتَّبِعِ ٱلۡهَوَىٰ فَيُضِلَّكَ عَن
سَبِيلِ ٱللَّهِۚ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمۡ
عَذَابٞ شَدِيدُۢ بِمَا نَسُواْ يَوۡمَ ٱلۡحِسَابِ ﴿٢٦﴾

26. (അല്ലാഹു പറഞ്ഞു:) ഹേ; ദാവൂദ്, തീർച്ചയായും നിന്നെ നാം ഭൂമിയിൽ ഒരു പ്രതിനിധിയാക്കിയിരിക്കുന്നു. ആകയാൽ ജനങ്ങൾക്കിടയിൽ ന്യായപ്രകാരം നീ വിധി കൽപിക്കുക. തന്നിഷ്ടത്തെ നീ പിന്തുടർന്നു പോകരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് നിന്നെ തെറ്റിച്ചുകളയും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവരാരോ അവർക്കു തന്നെയാകുന്നു കഠിനമായ ശിക്ഷയുള്ളത്. കണക്കു നോക്കുന്ന ദിവസത്തെ അവർ മറന്നുകളഞ്ഞതിന്റെ ഫലമത്രെ അത്.

ذَٰلِكَ ظَنُّ ٱلَّذِينَ كَفَرُوا۟ ۚ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِنَ
ٱلنَّارِ ﴿٢٧﴾

أَمْ نَجْعَلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ
كَٱلْمُفْسِدِينَ فِى ٱلْأَرْضِ أَمْ نَجْعَلُ ٱلْمُتَّقِينَ
كَٱلْفُجَّارِ ﴿٢٨﴾

كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ
وَلِيَتَذَكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٢٩﴾

27. ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം നിരർഥകമായി സൃഷ്ടിച്ചതല്ല. സത്യനിഷേധികളുടെ ധാരണയത്രെ അത്. ആകയാൽ സത്യനിഷേധികൾക്ക് നരകശിക്ഷയാൽ മഹാനാശം!

28. അതല്ല, വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപോലെ നാം ആക്കുമോ? അതല്ല, ധർമനിഷ്ഠ പാലിക്കുന്നവരെ ദുഷ്ടന്മാരെ പോലെ നാം ആക്കുമോ?

29. നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി.

23). അവരിൽ ഒരാൾ പറഞ്ഞു: (ഇതാ, ഇവനെന്റെ സഹോദരനാകുന്നു) സാഹോദര്യം എന്നത് ദീനിലാകാം, കുടുംബബന്ധം കൊണ്ടാകാം, സൗഹൃദം കൊണ്ടു മാകാം. ഏതായിരുന്നാലും ഇവിടെ ഉദ്ദേശ്യം അക്രമം ചെയ്യാൻ പാടില്ലായിരുന്നു എന്നതാണ്. ബന്ധമുള്ളവർ ദ്രോഹിക്കുന്നത് വലിയ തെറ്റാണല്ലോ. (അവന് തൊണ്ണൂറ്റി ഒമ്പത് പെണ്ണാടുകളുണ്ട്) പെൺവർഗത്തെയാണ് ഇവിടെ ഉദ്ദേശ്യം. വലിയ സമ്പത്താണത്. യഥാർ ഥത്തിൽ അല്ലാഹു നൽകിയതിൽ തൃപ്തി നിർബന്ധമാണ്.

(എനിക്ക് ഒരു പെണ്ണാടും) എന്നിട്ടും അവൻ അതാഗ്രഹിച്ചു. (അവൻ പറഞ്ഞു; അതിനെയും കൂടി എനിക്ക് ഏൽപിച്ചുതരണമെന്ന്) എനിക്ക് വിട്ടുതരണമെന്ന്, എന്റെ സംരക്ഷണത്തിലാക്കണമെന്ന്. (സംഭാഷണത്തിൽ അവൻ എന്നെ തോൽപിച്ചുകളയുകയും ചെയ്തു) അവന്റെ ആവശ്യം നേടുന്നതുവരെ അവൻ എന്നോട് വാഗ്വാദം നടത്തി ജയിച്ചു.

24). ഇതുകേട്ടപ്പോൾ ദാവൂദ് നബി(അ) പറഞ്ഞു: 'ഇത് സാധാരണ സംഭവിക്കുന്നതാണ്.' അതുകൊണ്ടുതന്നെ മറ്റെയാളുടെ സംസാരം അദ്ദേഹം തെളിവായി എടുത്തതുമില്ല. എന്തുകൊണ്ടാണ് ദാവൂദ് മറ്റെയാളുടെ വാദം കേൾക്കാതിരുന്നത് എന്ന് ഒരാൾ ചോദ്യം ചെയ്യാനും സാധ്യതയില്ല. (തന്റെ പെണ്ണാടുകളുടെ കൂട്ടത്തിലേക്ക് നിന്റെ പെണ്ണാടിനെക്കൂടി ആവശ്യപ്പെട്ടത് മുഖേന അവൻ നിന്നോട് അനീതി കാണിക്കുക തന്നെ ചെയ്തിരിക്കുന്നു) ഇതാണ് മിക്ക കൂട്ടുകാരുടെയും പങ്കാളികളുടെയും അവസ്ഥ. തുടർന്ന് പറയുന്നു: (തീർച്ചയായും പങ്കാളികളിൽ പലരും പരസ്പരം അതിക്രമം കാണിക്കുകയാണ് ചെയ്യുന്നത്) അക്രമം മനുഷ്യമനസ്സിന്റെ ഭാഗമാണ്. (വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ) വിശ്വാസവും ശരിയായ അറിവും കൂടെയുണ്ടെങ്കിൽ അത് അക്രമങ്ങളിൽനിന്ന് തടയും. (വളരെകുറച്ച് പേരേയുള്ളൂ) അത് അല്ലാഹു മറ്റൊരിടത്ത് പറയുന്നു:

وَقَلِيلٌ مِّنْ عِبَادِىَ ٱلشَّكُورُ

"നന്ദിയുള്ളവർ എന്റെ ദാസന്മാരിൽ അപൂർവമത്രെ"(34:13).

(ദാവൂദ് മനസ്സിലാക്കി) അവർക്കിടയിൽ വിധി കൽപിച്ചപ്പോൾ. (നാം അദ്ദേഹത്തെ പരീക്ഷിക്കുക തന്നെയാണ് ചെയ്തതെന്ന്) നാം അദ്ദേഹത്തെ പരീക്ഷിച്ചെന്നും ഈ പ്രശ്നത്തിലൂടെ ഉത്ബുദ്ധനാകാൻ ചിന്തയ്ക്കവസരം നൽകിയെന്നും. (തുടർന്ന് അദ്ദേഹം തന്റെ രക്ഷിതാവിനോട് പാപമോചനം തേടുകയും ചെയ്തു) തന്നിൽ സംഭവിച്ചുപോയതിന്. (കുമ്പിട്ട് വീഴുകയും ചെയ്തു) സാഷ്ടാംഗം ചെയ്ത് ഖേദിച്ചുമടങ്ങുകയും ചെയ്തു; ആരാധനകൊണ്ടും നിഷ്ക്കളങ്കമായ പശ്ചാത്താപം കൊണ്ടും, അല്ലാഹുവിലേക്ക്.

25). (അപ്പോൾ അദ്ദേഹത്തിന് നാം അത് പൊറുത്തുകൊടുത്തു) അദ്ദേഹത്തിൽ സംഭവിച്ചുപോയത്. വിവിധങ്ങളായ ആദരവുകൾ നൽകി അല്ലാഹു അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. തുടർന്ന് അല്ലാഹു പറയുന്നു: (അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യമുണ്ട്) ഉന്നതസ്ഥാനം, സാമീപ്യം. (മടങ്ങി വരാൻ ഉത്തമമായ സ്ഥാനവുമുണ്ട്) മടക്കസ്ഥലം. ദാവൂദ് നബി(അ) ചെയ്ത തെറ്റിനെ

സംബന്ധിച്ച് (അതിന് അദ്ദേഹം പാപമോചനം തേടിയിട്ടുണ്ട്) അത് എന്താണെന്നത് അല്ലാഹു നമ്മോട് പറയുന്നില്ല. കാരണം അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. അല്ലാഹു അദ്ദേഹത്തിന് ചെയ്ത കാരുണ്യവും അദ്ദേഹത്തിന്റെ പശ്ചാത്താപവും അതുമൂലം അദ്ദേഹം കൈവരിച്ച സ്ഥാനവും മനസ്സിലാക്കിത്തരാനാണ് അത് പരാമർശിച്ചത്. പശ്ചാത്താപത്തിനുശേഷം മുമ്പത്തെക്കാളും അദ്ദേഹം തന്റെ നിലപാട് നന്നാക്കി.

26). (ഹേ ദാവൂദ്, തീർച്ചയായും നിന്നെ നാം ഭൂമിയിൽ ഒരു ഭരണാധികാരിയാക്കിയിരിക്കുന്നു) മതപരവും ഭൗതികവുമായ നിയമങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി. (ആകയാൽ ജനങ്ങൾക്കിടയിൽ ന്യായപ്രകാരം വിധികൽപിക്കുക) നീതിയോടെ. ഇതിന് സാധിക്കണമെങ്കിൽ ആവശ്യമായ അറിവു വേണം. കാര്യങ്ങൾ അറിയണം. സത്യം നടപ്പിലാക്കാനുള്ള കഴിവുമുണ്ടാകണം.

(തന്നിഷ്ടത്തെ നീ പിന്തുടർന്നുപോകരുത്) ഒരാളോടും പക്ഷപാതിത്വം കാണിക്കരുത്. ബന്ധുത്വമോ സൗഹൃദമോ സ്നേഹബന്ധമോ അതിന് പ്രേരണയാകരുത്; മറ്റുള്ളവരോടുള്ള വിദ്വേഷവും. (അത് തെറ്റിച്ചുകളയും) ദേഹേച്ഛ. (അല്ലാഹുവിന്റെ മാർഗത്തിൽനിന്നും) ശരിയായ മാർഗത്തിൽനിന്നും നിന്നെ തെറ്റിച്ചുകളയും. (അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവരാരോ അവർക്ക്) പ്രത്യേകിച്ചും അവരിൽ ബോധപൂർവം വഴിതെറ്റുന്നവർ. (അവർക്കുതന്നെയാകുന്നു കഠിനമായ ശിക്ഷയുള്ളത്. കണക്ക് നോക്കുന്ന ദിവസത്തെ അവർ മറന്നുകളഞ്ഞതിന്റെ ഫലമത്രെ അത്). പ്രതിഫലനാളിനെക്കുറിച്ചുള്ള അവരുടെ അശ്രദ്ധമൂലം. ഓർമയുണ്ടായിരുന്നുവെങ്കിൽ അവരുടെ ഹൃദയങ്ങൾ ഭയപ്പെടുകയും അവരെ കുഴപ്പത്തിലാക്കിയ ദേഹേച്ഛകളിൽ അവർ താൽപര്യപ്പെടുകയും ചെയ്യുമായിരുന്നില്ല).

27). ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ചാണ് അല്ലാഹു ഇവിടെ പറയുന്നത്. അവ രണ്ടിനെയും അവൻ അലക്ഷ്യമായി സൃഷ്ടിച്ചിട്ടില്ല. കളിയായിട്ടോ വെറുതെയോ, ഗുണമോ നന്മയോ ഉദ്ദേശിക്കാതെ എന്നർഥം. (സത്യനിഷേധികളുടെ ധാരണയത്രെ അത്) തങ്ങളുടെ രക്ഷിതാവിനെക്കുറിച്ച് അവന്റെ മഹത്ത്വത്തിന് യോജിക്കാത്തതാണ് അവർ വിശ്വസിച്ചത്. (ആകയാൽ സത്യനിഷേധികൾക്ക് നരകശിക്ഷയിൽ മഹാനാശം) നരകം അവരിൽനിന്നും അവകാശങ്ങൾ പിടിച്ചെടുക്കും. അതിലവർക്ക് കിട്ടേണ്ടത് കിട്ടും.

ആകാശഭൂമികളെ അവൻ സൃഷ്ടിച്ചത് ശരിയായ നിലയിലും ലക്ഷ്യപൂർവവുമാണ്. അവയുടെ സൃഷ്ടിപ്പിലൂടെ അവന്റെ ദാസന്മാർ അവന്റെ അറിവും കഴിവും അധികാരവിശാലതയും ഗ്രഹിക്കും; അവൻ മാത്രമാണ് ആരാധ്യനെന്നും. മറ്റുള്ളവർ ആകാശഭൂമിയിൽ നിന്ന് ഒരംശവും സൃഷ്ടിച്ചിട്ടില്ല. ഉയിർത്തെഴുന്നേൽപ് സത്യമാണ്. നന്മയുടെയും തിന്മയുടെയും ആളുകൾക്കിടയിൽ അവൻ തീർപ്പ് കൽപിക്കുമെന്നും അവർ മനസ്സിലാക്കും.

28). നന്മയുടെയും തിന്മയുടെയും ആളുകളെ ഒരുപോലെയാക്കാതിരിക്കുന്ന അല്ലാഹുവിന്റെ യുക്തി അറിവില്ലാത്തവർ മനസ്സിലാക്കുന്നില്ല. അതാണ് അല്ലാഹു പറഞ്ഞത്: (അതല്ല, വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുമോ? അതല്ല ധർമനിഷ്ഠ പാലിക്കുന്നവരെ മ്ലേഛന്മാരെപ്പോലെ നാം ആക്കുമോ?) ഇതൊരിക്കലും നമ്മുടെ യുക്തിക്കും തീരുമാനത്തിനും യോജിക്കില്ല.

29). (നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ അത്) അതിൽ ധാരാളം നന്മയുണ്ട്. വർധിച്ച വിജ്ഞാനവും വഴികേടിൽ ശരിയായ വഴിയും ഹൃദയരോഗങ്ങൾക്ക് മരുന്നും അതിലുണ്ട്. ആവശ്യമുള്ളതിനെല്ലാം ഖണ്ഡിത തെളിവുകളും അതിൽ കാണാം. അല്ലാഹു ഇറക്കിയതിനുശേഷം ഈ ലോകത്ത് പ്രത്യക്ഷപ്പെടുന്ന ഏറ്റവും മഹത്തായ ഗ്രന്ഥമായി ഇത് മാറുന്നു.

(ഇതിലെ ആയത്തുകളെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കുന്നതിനും) ഈ ഗ്രന്ഥം ഇറക്കിയ ലക്ഷ്യമിതാണ്. ജനങ്ങൾ അതിലെ വചനങ്ങൾ ചിന്തിച്ച് പഠിക്കണം. അതിലെ അറിവ് കണ്ടെത്തണം. അതിലെ വിധികളും രഹസ്യങ്ങളും ആലോചിക്കണം. നിരന്തരമായി അതിലെ ചിന്തകൾ ആവർത്തിക്കണം. അങ്ങനെ അതിലെ നന്മയും അനുഗ്രഹവും കണ്ടെത്തണം. ഇതെല്ലാം ക്വുർആൻ പഠിക്കാനുള്ള പ്രേരണയാണ്. കാരണം അത് ഏറ്റവും ഉത്തമമായ പ്രവൃത്തിയാണ്. വേഗത്തിൽ ഓതിപ്പോകുന്നതിനെക്കാൾ ശ്രേഷ്ഠം ആശയങ്ങൾ ഗ്രഹിച്ച് പാരായണം ചെയ്യുന്നതാണ്.

(ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി) അതായത് ശരിയായ ചിന്തയുള്ളവർക്ക്. അത് ചിന്തിച്ച് പഠിക്കുന്നതിലൂടെ വിജ്ഞാനത്തിന്റെ എല്ലാ വിഷയങ്ങളും പ്രതിഫലിപ്പിക്കാൻ കഴിയും. ഇതിൽനിന്ന് പഠിക്കുന്നതും പ്രയോജനം നേടുന്നതും ഒരു വ്യക്തിയുടെ പക്വതയ്ക്കും മനസ്സിലാക്കാനുള്ള കഴിവിനും ആനുപാതികമായിരിക്കുമെന്നാണ്. ■

ഉസ്മാൻ പാലക്കാഴി
:97473 45768

# ഐഹിക ജീവിതത്തിന്റെ ഉപമകൾ

നബി(സ്വ) പറഞ്ഞു: "പരലോകത്തെ അപേക്ഷിച്ച് ഇഹലോകത്തിന്റെ അവസ്ഥ നിങ്ങളിലൊരാൾ സ്വന്തം കൈവിരൽ സമുദ്രത്തിൽ മുക്കിയെടുത്തതു പോലെയാണ്. (അതിൽ നിന്ന്) അവൻ എന്തുമായി മടങ്ങിയെന്ന് അവൻ നോക്കട്ടെ" (മുസ്‌ലിം).

ഒരു മുസ്‌ലിമിന്റെ ജീവിതലക്ഷ്യം പരലോകരക്ഷയാണ്. അതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യാനുള്ള ഇടമാണ് ഇഹലോകം. ഇഹലോകജീവിതം നശ്വരമാണ്, പരലോകമാകട്ടെ അനശ്വരവും. പരലോകത്തെ അപേക്ഷിച്ച് ഇഹലോകം എത്ര നിസ്സാരമാണ് എന്ന് ഉദാഹരണസഹിതം വ്യക്തമാക്കിത്തരുന്നതാണ് മുകളിൽ കൊടുത്ത പ്രവാചകവചനം.

ഐഹിക ജീവിതത്തിന്റെ ക്ഷണികതയും മനുഷ്യന്റെ നിസ്സാരതയും മനസ്സിലാക്കുന്നവർക്ക് ഭൗതികതയുടെ വർണശബളിമയിൽ മയങ്ങി ജീവിക്കുവാൻ കഴിയില്ല. ഐഹിക ജീവിതത്തിന് മനോഹരമായ ചില ഉപമകൾ വിശുദ്ധ ക്വുർആനിൽ കാണാം:

"നാം ആകാശത്തുനിന്ന് വെള്ളമിറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നു വളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും അത് അഴകാർന്നതാകുകയും അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയുംതലേ ദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉന്മൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹിക ജീവിതത്തിന്റെ ഉപമ..." (10:24).

"(നബിയേ) നീ അവർക്ക് ഐഹിക ജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്തുനിന്ന് നാം വെള്ളമിറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്നു വളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതുപോലെയത്രെ ഐഹിക ജീവിതം)..." (18:45).

"നിങ്ങൾ അറിയുക: ഇഹലോക ജീവിതം കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ് - ഒരു മഴ പോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്കു കാണാം. പിന്നീടത് തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്‌വൃത്തർക്ക്) അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹിക ജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (57:20).

ആഡംബര നിർഭരമായ ജീവിതമായിരുന്നില്ല മുഹമ്മദ് നബി(സ്വ)യും അനുയായികളും നയിച്ചിരുന്നത്. അരപ്പട്ടിണിയിലും മുഴുപ്പട്ടിണിയിലും അവർ നാളുകൾ തള്ളിനീക്കുകയായിരുന്നു. സുഭിക്ഷമായി ജീവിക്കുന്നവർ അവർക്കിടയിൽ വിരളമായിരുന്നു. പ്രവാചക പത്നിയായ ആഇശ(റ) പറയുന്നു: "നബി(സ്വ) ഇഹലോകവാസം വെടിയുമ്പോൾ എന്റെ പക്കലുണ്ടായിരുന്ന പലകത്തട്ടിലുള്ള അൽപം ബാർലിയല്ലാതെ ഒരു ജീവിക്കു തിന്നാവുന്ന യാതൊന്നും എന്റെ വീട്ടിലുണ്ടായിരുന്നില്ല. അങ്ങനെ കുറെ കാലം ഞാനത് ഭക്ഷിച്ചുകൊണ്ട് കഴിഞ്ഞുകൂടി..." (ബുഖാരി, മുസ്‌ലിം).

ഭൗതിക സുഖസൗകര്യങ്ങൾ എത്ര കണ്ട് വർധിക്കുന്നുവോ അത്രകണ്ട് ദൈവചിന്തയിൽനിന്ന് മനുഷ്യൻ അകന്നുപോകാനുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ടാണ് 'എന്റെ കാലശേഷം ആർഭാട പൂർണവും അലംകൃതവുമായ ജീവിതം നിങ്ങൾക്കു മുമ്പിൽ തുറക്കപ്പെടുന്നത് ഞാനേറ്റവും ഭയപ്പെടുന്നു" എന്ന് നബി(സ്വ) ഒരിക്കൽ പറഞ്ഞത്. ഭൗതിക സുഖസൗകര്യങ്ങൾ ദൈവം തന്ന അനുഗ്രഹമാണെന്നു മനസ്സിലാക്കി നന്ദികാണിച്ച് ജീവിക്കുവാൻ കഴിയുക എന്നത് പണത്തെ മാത്രം സ്നേഹിക്കുന്നവർക്ക് കഴിയുന്ന കാര്യമല്ല. ■

മൂസ സ്വലാഹി കാര
: 97473 45768

മൗദൂദി സാഹിബിന് പിഴവു സംഭവിച്ചത് തൗഹീദിൽതന്നെ! - 2

# സങ്കൽപവീട്ടിലെ സ്വപ്നജീവികൾ

04

വ്യതിയാന ചിന്തകളിൽ കാലം തീർത്ത മൗദൂദിയൻ ആശയക്കാർക്ക് നഷ്ടപ്പെട്ട വിവേകം കുറേശെ തിരിച്ചുവരുന്നുണ്ട്. എതിർപ്പും മുറുമുറുപ്പും അവർക്കിടയിൽ പുകയുന്നുണ്ടെങ്കിലും ഭരണഘടനയൊക്കെ നന്നായി പുതുക്കി. രാഷ്ട്രീയവും കോടതി കേറലും ഗവൺമെന്റ് ജോലിയുമൊക്കെ അത്യാവശ്യമാണെന്ന നിലപാടിലേക്കവർ വന്നു. മൗദൂദിയുടെ വീക്ഷണപ്രകാരമുള്ള തൗഹീദ് പ്രചരിപ്പിച്ചതിനും അത് ഗോപ്യമാക്കി പുതിയ 'കേരളഘടകം തൗഹീദ്' ഉണ്ടാക്കിയതിനും എന്താണ് പ്രമാണമെന്ന ചോദ്യം ഉത്തരം കിട്ടാതെ ഇപ്പോഴും ബാക്കിയാണ്!

മൗദൂദി സാഹിബിന്റെ വീക്ഷണപ്രകാരമുള്ള റുബൂബിയ്യത്ത് വിശ്വാസം കാണുക: "എന്നാൽ, റബ്ബ് എന്ന പദത്തിന്റെ വിധിവിലക്കുകൾക്ക് അധികാരമുള്ളവൻ, പരമാധികാരി, സന്മാർഗസ്രോതസ്സ്, നിയമത്തിന്റെ ഉദ്ഭവസ്ഥാനം, രാഷ്ട്രത്തിന്റെ തലവൻ, സമൂഹത്തിന്റെ കേന്ദ്രം എന്നീ ആശയങ്ങളുടെ നേരെ അവർ തികച്ചും വ്യത്യസ്തമായ മറ്റൊരു സമീപനമാണ് കൈക്കൊണ്ടത്. ഈ ആശയങ്ങളിൽ അല്ലാഹുവിനു പകരം കേവലം മനുഷ്യരെപ്പോലും അവർ റബ്ബായി അംഗീകരിച്ചിരുന്നു. അഥവാ, താത്വികമായി അല്ലാഹു റബ്ബാണെന്നംഗീകരിക്കുന്നതോടൊപ്പം കർമരംഗത്ത്, സദാചാര - നാഗരിക - രാഷ്ട്രീയ രംഗങ്ങളിൽ മനുഷ്യരുടെ റുബൂബിയ്യത്തിനുമുന്നിൽ അവർ തലകുനിച്ചിരുന്നു. ഈ മാർഗഭ്രംശം ദൂരീകരിക്കാനാണ് ആദ്യം മുതലേ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നത്. അവസാനം മുഹമ്മദ് നബി നിയോഗിക്കപ്പെട്ടതും ഇതിനുതന്നെ. ഈ എല്ലാ അർഥങ്ങളിലും റബ്ബ് ഏകനാകുന്നു. അവനാണ് സർവശക്തനായ അല്ലാഹു. റുബൂബിയ്യത്ത് അവിഭാജ്യമാണ്, വിഭജിക്കാവതല്ല. അതിന്റെ ഒരു വശവും ഒരർഥത്തിലും അല്ലാഹു അല്ലാത്ത ഒന്നിനും ലഭിക്കുകയില്ല. ഒരേയൊരു ദൈവമാണ് പ്രാപഞ്ചികവ്യവസ്ഥ ഉണ്ടാക്കിയത്. ഒരേയൊരു ദൈവമാണ് അതിൽ ഭരണം നടത്തുന്നത്. അതിൽ അഖിലാധികാരങ്ങളുടെയും ആധിപത്യത്തിന്റെയും



ഉടമ ഒരേയൊരു ദൈവമാണ്. പ്രപഞ്ചവ്യവസ്ഥയുടെ നിർമാണത്തിൽ അവനല്ലാത്ത മറ്റാർക്കും ഒരു സ്വാധീനവുമില്ല. അതിന്റെ ആസൂത്രണത്തിലും നിയന്ത്രണത്തിലും ആർക്കും പങ്കില്ല. അതിന്റെ ഭരണനടത്തിപ്പിൽ അവന്ന് മറ്റൊരു പങ്കാളിയില്ല. പരമാധികാരത്തിന്റെ ഉടമ എന്ന നിലയിൽ നിങ്ങളുടെ പ്രകൃത്യതീതനായ റബ്ബും സദാചാര-നാഗരിക-രാഷ്ട്രീയ രംഗങ്ങളിലെ റബ്ബും അതേ ഏകനായ ദൈവമാകുന്നു" (ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ, പേജ് 80).

പ്രവാചകന്മാരോ പ്രമാണങ്ങളോ പറഞ്ഞിട്ടില്ലാത്ത, പൂർവികർക്ക് പരിചയമില്ലാത്ത മതരാഷ്ട്ര വാദത്തെ ഇങ്ങനെ വളഞ്ഞ് ഞെരുങ്ങി പ്രയാസപ്പെട്ടേ സ്ഥാപിക്കാൻ ശ്രമിക്കാനാവൂ. ഖുർആൻ പഠിപ്പിച്ച 'റബ്ബ്' ആരെന്നത് വ്യക്തമാണ്. അല്ലാഹു പറയുന്നു:"ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ നിർമിച്ചവനാണവൻ. അവന്ന് എങ്ങനെ ഒരു സന്താനമുണ്ടാകും? അവന്നൊരു കൂട്ടുകാരിയുമില്ലല്ലോ. എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചതാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനുമാണ്. അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ് അവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു"(6:101,102).

ഉലൂഹിയ്യത്തിന്റെ കാര്യത്തിലും ഇദ്ദേഹം കൈകടത്തൽ നടത്തിയത് കാണുക: "അധികാരത്തിന്റെ ഈ ശാഖയിലും അവന്ന് യാതൊരു പങ്കുകാരുമുണ്ടായിരിക്കാൻ ന്യായമില്ല. അവന്റെ ഈ അധികാര പരിധിയിൽ അവനല്ലാതെ മറ്റാരെങ്കിലും പ്രാർഥനക്ക് ഉത്തരം നൽകുന്നവനും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നവനും അഭയം നൽകുന്നവനും ആകുന്നത് എവ്വിധം തെറ്റാണോ അവ്വിധം തന്നെ തെറ്റാണ് മറ്റാരെങ്കിലും സ്വന്തം നിലക്ക് വിധികർത്താവും സ്വേഛാധിപതിയും സ്വതന്ത്രമായ നിയമനിർമാതാവും ആവുക എന്നതും. സൃഷ്ടിക്കുക, ആഹാരം നൽകുക, ജീവിപ്പിക്കുക, മരിപ്പിക്കുക, സൂര്യചന്ദ്രന്മാരെ അധീനപ്പെടുത്തുക, രാപ്പകലുകൾ കുറയ്ക്കുക എന്നിവയും വിധിനിർണയവും ഭരണാധികാരവും രാജത്വവും ശാസനാധികാരവും നിയമനിർമാണാധികാരവും എല്ലാംതന്നെ ഒരേയൊരു സമഗ്രാധിപത്യ ഭരണകർതൃത്വത്തിന്റെ വ്യത്യസ്ത ഭാഗങ്ങളാണ്. ഈ സമഗ്രാധിപത്യ ഭരണകർതൃത്വം വിഭജനത്തിന് വിധേയമല്ല... ഉലൂഹിയ്യത്തിന്റെ അർഥത്തിൽ രാജത്വം, ഭരണകർതൃത്വം എന്നീ ആശയങ്ങൾ കൂടി ഉൾപ്പെട്ടിരിക്കുന്നുവെന്നും ഇലാഹിന്റെ ഏകത്വത്തിൽ ഈ അർഥത്തിലും അല്ലാഹുവിന് പങ്കുകാരെ സമ്മതിക്കാതിരിക്കണം എന്നും ഈ പരാമർശം തെളിയിക്കുന്നു" (ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ, പേജ് 35).

എത്രവലിയ വ്യതിചലനമാണിത്! ഇതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ശഹാദത്തിന്റെ ഉദ്ദേശ്യം 'രാജത്വവും ഭരണകർത്താവുമായി അല്ലാഹുവല്ലാതെ മറ്റാരുമില്ല' എന്നാക്കി മാറ്റുമോ? ആരാധനയുടെ യഥാർഥ താൽപര്യത്തെ വിദൂരത്താക്കി ഫലശൂന്യമായൊരു വിശ്വാസമാണ് ഇതു മുഖേന സൃഷ്ടിക്കപ്പെട്ടത്. പ്രവാചകന്മാർ ശിർക്കിനെതിരെ നടത്തിയ പ്രവർത്തനങ്ങൾ സമൂഹത്തെ സംസ്കരിക്കാനായിരുന്നു, അല്ലാതെ ഭരണത്തിനും അധികാരത്തിനും വേണ്ടിയായിരുന്നില്ല. അല്ലാഹു

പറയുന്നു: "ഇത് മനുഷ്യർക്കു വേണ്ടി വ്യക്തമായ ഒരു ഉൽബോധനമാകുന്നു. ഇതുമുഖേന അവർക്കു മുന്നറിയിപ്പ് നൽകപ്പെടേണ്ടതിനും അവൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് അവർ മനസ്സിലാക്കുന്നതിനും ബുദ്ധിമാൻമാർ ആലോചിച്ച് മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള (ഉൽബോധനം)" (14:52).

മതരാഷ്ട്രമെന്ന ലക്ഷ്യത്തിനായി നേതാവ് നടത്തിയ വ്യാഖ്യാനക്കസർത്തുകൾക്ക് ശക്തമായ പിന്തുണയാണ് ജമാഅത്ത് നൽകിയത്: "അതിനാൽ അല്ലാഹുവിനെ മാത്രം വണങ്ങി, വഴങ്ങി, അവന്നു മാത്രം വിധേയമായി ജീവിക്കുക. മറ്റാർക്കും ആരാധനയും അനുസരണവും അടിമത്തവും അർപ്പിക്കാതിരിക്കുക. പരിധിലംഘിക്കുന്ന എല്ലാവരെയും നിരാകരിക്കുക. ഇതാണ് മനുഷ്യസമൂഹത്തിന് പ്രവാചകൻമാരിലൂടെ അല്ലാഹു നൽകിയ ശാസന."

"ഏക അല്ലാഹുവിനുള്ളതോ അവന്റെ നിയമത്തിനു വിധേയമായതോ അല്ലാത്ത ഏതുവിധ അനുസരണങ്ങളും ശരിയെന്ന് അംഗീകരിക്കാതിരിക്കുക. കാരണം തന്റെ രാജ്യത്തിന്റെ ന്യായമായ ഏക ഉടമസ്ഥനും സൃഷ്ടികളുടെ ന്യായമായ ഏക വിധികർത്താവും അല്ലാഹു മാത്രമാകുന്നു. ഉടമസ്ഥതക്കും വിധികർതൃത്വത്തിനുമുള്ള അവകാശം വാസ്തവത്തിൽ അവന്നല്ലാതെ മറ്റാർക്കുമില്ല" (ജമാഅത്തെ ഇസ്‌ലാമി ലഘുപരിചയം, ശൈഖ് മുഹമ്മദ് കാരക്കുന്ന്, പേജ് 60,65).

ഇത്തരം വ്യതിയാന ചിന്തകളിൽ കാലം തീർത്ത മൗദൂദിയൻ ആശയക്കാർക്ക് നഷ്ടപ്പെട്ട വിവേകം കുറേശെ തിരിച്ചുവരുന്നുണ്ട്. എതിർപ്പും മുറുമുറുപ്പും അവർക്കിടയിൽ പുകയുന്നുണ്ടെങ്കിലും ഭരണഘടനയൊക്കെ നന്നായി പുതുക്കി. രാഷ്ട്രീയവും കോടതി കേറലും ഗവൺമെന്റ് ജോലിയുമൊക്കെ അത്യാവശ്യമാണെന്ന നിലപാടിലേക്കവർ വന്നു. മൗദൂദിയുടെ വീക്ഷണപ്രകാരമുള്ള തൗഹീദ് പ്രചരിപ്പിച്ചതിനും അത് ഗോപ്യമാക്കി പുതിയ 'കേരളഘടകം തൗഹീദ്' ഉണ്ടാക്കിയതിനും എന്താണ് പ്രമാണമെന്ന ചോദ്യം ഉത്തരം കിട്ടാതെ ഇപ്പോഴും ബാക്കിയാണ്! നിർഭയത്വം നഷ്ടപ്പെടുത്തുന്ന ശിർക്കിനെതിരെയും ജാറവ്യവസായത്തിനെതിരെയും ആത്മീയ ചൂഷണങ്ങൾക്കെതിരെയും ഇക്കൂട്ടർക്ക് ആർജവത്തോടെ ശബ്ദിക്കാൻ കഴിയാത്തതിന്റെയും ഭരണകൂട ദുഷ്യത്തിനെതിരെ മാത്രം ആയിരം നാക്കാൽ അലറിവിളിക്കാൻ കഴിയുന്നതിന്റെയും കാരണം ഇതുതന്നെയാണ്.

> അല്ലാഹു പറഞ്ഞതിനെ സ്വതാൽപര്യമനുസരിച്ച് വിശദീകരിക്കലാണോ ഇസ്‌ലാം? അന്ത്യനാളിൽ അടിമൾക്കിടയിൽ വിധി നടപ്പിലാക്കുന്നതിനായി അല്ലാഹു വരുന്നതിനെയാണ് 'ശക്തി,' 'ഭരണം,' 'സർവാധിപത്യം' എന്നൊക്കെ അർഥം നൽകി വ്യാഖ്യാനിച്ചിരിക്കുന്നത്. ഇതിന് ഇസ്‌ലാമിന്റെ ശരിയായ പാരമ്പര്യത്തിൽ ആരാണിവർക്ക് മാതൃക കാട്ടിയിട്ടുള്ളത്?

അല്ലാഹുവിന് ഏറ്റവും ഉൽകൃഷ്ട നാമങ്ങളും ഉത്തമവിശേഷണങ്ങളുമുണ്ട്. പ്രമാണങ്ങൾ പഠിപ്പിച്ച പ്രകാരംതന്നെ അവയിൽ വിശ്വസിക്കുക എന്നതാണ് അഹ്‌ലുസ്സുന്ന വൽജമാഅയുടെ നിലപാട്. ക്വുർആ നിലെ ഏറ്റവും ശ്രേഷ്ഠവചനമായ 'ആയത്തുൽ കുർസിയ്യ്' ഊന്നൽ നൽകിയിട്ടുള്ളത് ഈ വിഷയത്തിനാണ്.

ശൈഖ് ഇബ്നു ഉസൈമീൻ(റഹി) പറയുന്നു: "അല്ലാഹുവോ അവന്റെ പ്രവാചകനോ അല്ലാഹുവിനുണ്ടെന്ന് പറഞ്ഞ എല്ലാ നാമവിശേഷണങ്ങളും അതുപോലെ അംഗീകരിക്കണം എന്നത് ഉത്തമ തലമുറയിൽപെട്ട സ്വഹാബിമാരും താബിഉകളും ശേഷക്കാരായ പണ്ഡിതന്മാരും ഉൾപ്പെടെ എല്ലാവരും ഏകോപി ച്ച കാര്യമാണ്. പ്രമാണങ്ങളിൽ വന്ന പ്രകാരം അവയെ നിഷേധിക്കാതെയും ചോദ്യംചെയ്യാതെയും സാദൃശ്യപ്പെടുത്താതെയും അല്ലാഹുവിന്റെ മഹത്വത്തിന് യോജിക്കുംവിധം അതിനെ നടപ്പിലാക്കുന്നു. നബി(സ്വ) അരുളിയത് പ്രകാരം അവരാണ് ഈ ഉമ്മത്തിലെ ഏറ്റവും ഉത്തമ തലമുറ. അവർ ഒരു വിഷയത്തിൽ ഏകോപിച്ചുകഴിഞ്ഞാൽ അതുതന്നെ ഏറ്റവും വലിയ തെളിവാണ്. കാരണം അതായിരിക്കും ക്വുർആനി ന്റെയും സുന്നത്തിന്റെയും നിലപാട്"(ക്വവാഇദുൽ മുസ്‌ലാ).

അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്ന മതവിരോധികളും അവയെ പരിഹസിക്കുന്നവരും സ്വന്തം വകയായി വ്യാഖ്യാനിച്ചൊപ്പിക്കുന്നവരും സമൂഹത്തിലുണ്ട്. മൗദൂദി സാഹിബ് അല്ലാഹുവിന്റെ പല വിശേഷണ

ങ്ങളെയും വ്യാഖ്യാനിച്ച് തൗഹീദിന്റെ തനിമയിൽനിന്ന് വ്യതിചലിച്ചതായി കാണാം. വിശുദ്ധ ക്വുർആനിൽ ആറ് സ്ഥലങ്ങളിൽ പറഞ്ഞ കാര്യമാണ് 'എന്നിട്ടവൻ സിംഹാസനത്തിൽ ആരോഹണം ചെയ്തിരിക്കുന്നു' എന്നത്. ഇതിന് മൗദൂദി നൽകിയ വ്യാഖ്യാനം കാണുക:"അല്ലാഹുവിന്റെ ഈ സിംഹാസനാരോഹണം ഏതു തരത്തിലുള്ളതാണെന്നു മനസ്സിലാക്കുക നമ്മെ സംബന്ധിച്ചിടത്തോളം പ്രയാസകരമാണ്. ഒരുപക്ഷേ, അവൻ പ്രപഞ്ചത്തെ സൃഷ്ടിച്ച ശേഷം വല്ല സ്ഥലവും തന്റെ അനന്ത സാമ്രാജ്യത്തിന്റെ തലസ്ഥാനമായി നിശ്ചയിച്ചിരിക്കാം. അവിടം അവന്റെ വെളിപാടുകളുടെ കേന്ദ്രമായി അംഗീകരിച്ചിരിക്കുകയുമാവാം. ആ വിശിഷ്ടസ്ഥാനത്തിനാവണം അർശ് (സിംഹാസനം) എന്നു നാമകരണം ചെയ്തത്. സമസ്തലോകത്തിന് അസ്തിത്വത്തിന്റെയും ശക്തിയുടെയും അനുഗ്രഹം ചൊരിയുന്നതും പ്രപഞ്ചകാര്യങ്ങൾ നിയന്ത്രിക്കപ്പെടുന്നതും അവിടെനിന്നാവാം. അഥവാ ഭരണാധിപത്യമെന്ന് മാത്രമാവാം സിംഹാസനത്തിന്റെ വിവക്ഷ. സിംഹാസനത്തിൽ ഉപവിഷ്ടനാവുക എന്നാൽ പ്രപഞ്ച സൃഷ്ടിക്കുശേഷം അല്ലാഹു ഭരണാധിപത്യത്തിന്റെ കടിഞ്ഞാൺ കൈയിലെടുക്കുകയെന്നർഥം. അല്ലാഹുവുമായി ബന്ധപ്പെടുത്തുമ്പോൾ സിംഹാസനാരോഹണത്തിന്റെ അർഥവിശദീകരണങ്ങൾ എന്തുമാവട്ടെ ക്വുർആനിൽ ആ പരാമർശത്തിന്റെ ഉദ്ദേശ്യമിതാണ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംവിധായകനും മാത്രമല്ല അല്ലാഹു അതിന്റെ നിയന്താവും ഭരണാധിപനും കൂടിയാണ്. പ്രപഞ്ചസൃഷ്ടിക്കുശേഷം അതുമായി ഒരു ബന്ധവും പുലർത്താതെ എവിടെയോ സ്വസ്ഥമായി കഴിഞ്ഞുകൂടുകയല്ല അവൻ. അഖില പ്രപഞ്ചത്തിൽ അതിന്റെ വിശദാംശങ്ങളിലോളം ഫലത്തിൽ ആധിപത്യം വാഴുന്നത് അവനാണ്. ഭരണാധിപത്യത്തിന്റെ എല്ലാ അധികാരാവകാശങ്ങളും സ്ഥിതിചെയ്യുന്നത് അവന്റെ ബലിഷ്ഠ ഹസ്തത്തിലാണ്" (തഫ്ഹീമുൽ ക്വുർആൻ).

ഇസ്‌ലാമിക ഭരണമെന്ന സ്വപ്നം മാത്രം ഉള്ളിലുള്ളതിനാൽ അഹ്‌ലുസ്സുന്നയിൽനിന്ന് വേറിട്ട മുഅ്തസിലിയാക്കളുടെ മുഖമാണിദ്ദേഹം സ്വീകരിച്ചത്. അല്ലാഹു ആരിൽനിന്നോ അധികാരം പിടിച്ചെടുത്തു എന്ന് തോന്നിപ്പിക്കുന്ന 'ഭരണാധിപത്യം' എന്ന പ്രയോഗം യഥാർഥത്തിൽ അല്ലാഹുവിനെ അധിക്ഷേപി ക്കലും അവമതിക്കലുമാണ്. പൂർവകാല ഇമാമുമാരിൽ ആർക്കാണ് ഈ വിശ്വാസമുള്ളത്?

അല്ലാഹുവിന്റെ സ്ഥിരപ്പെട്ട വിശേഷണങ്ങളിൽ പെട്ടതായി പ്രമാണങ്ങളിൽ കാണുന്നതാണ് അവന്റെ 'കണങ്കാൽ' എന്നത്. ഈ വചനം വിശേഷണങ്ങളിൽപെടുമോ ഇല്ലയോ എന്ന സ്വഹാബികൾക്കിടയിലെ ചർച്ചയെ തിരിച്ചറിയാതെ മൗദൂദി പറഞ്ഞത് വായിക്കാം: "ഒരു കൂട്ടം സ്വഹാബികളും താബിഉകളും പറയുന്നു ഇതൊരു ശൈലിയായി ഉപയോഗിക്കപ്പെട്ടതാണ് എന്ന്. വിഷമാവസ്ഥ വന്നുചേരുന്നതിനെ സൂചിപ്പിക്കുന്നതിന് അറബിഭാഷയിൽ കണങ്കാൽ വെളിപ്പെട്ടാൽ എന്നു പ്രയോഗിക്കാറുണ്ട്. ഭാഷാപ്രയോഗങ്ങളിൽനിന്നു ള്ള സാക്ഷ്യങ്ങൾ ചൂണ്ടിക്കാണിച്ച് ഹ.ഇബ്നു അബ്ബാസും പ്രകൃതവാക്യത്തിന് ഈ അർഥമാണ് കൊടുത്തിട്ടുള്ളത്. ഇബ്നു അബ്ബാസിൽനിന്നും റബീഉബ്നു അനസിൽനിന്നും ഉദ്ധരിക്കപ്പെട്ട മറ്റൊരു നിവേദന പ്രകാരം കശ്ഫുസ്സ്വഖിന്റെ ഉദ്ദേശ്യം യാഥാർഥ്യങ്ങളിൽനിന്നു മറ നീക്കം ചെയ്യപ്പെടുക എന്നാകുന്നു. ഈ വ്യാഖ്യാന പ്രകാരം വാക്യത്തിന്റെ താൽപര്യം യാഥാർഥ്യങ്ങൾ അനാവൃതമാവുകയും മനുഷ്യരുടെ മുന്നിൽ അവരുടെ കർമങ്ങളെല്ലാം തെളിഞ്ഞു പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന നാൾ എന്നാകുന്നു" (തഫ്ഹീമുൽ ക്വുർആൻ).

അല്ലാഹുവിന്റെ വിശേഷണമാണെന്ന് ഉറപ്പായതിനെ സ്വഹാബികളിൽ ആരും ഇങ്ങനെ വ്യാഖ്യാനിച്ചിട്ടില്ല. ശൈഖ് നാസിറുസ്സഅദി(റഹി) പറയുന്നു: "അങ്ങനെ ഒന്നിനോട് സാദൃശ്യപ്പെടുത്താൻ പറ്റാത്ത തന്റെ കണങ്കാൽ അല്ലാഹു വെളിവാക്കുകയും വിവരിക്കാൻ സാധിക്കാത്ത അവന്റെ മഹത്ത്വത്തെ സൃഷ്ടി കൾ കാണുകയും ചെയ്യും."

അല്ലാഹുവിന്റെ 'വരവ്' എന്ന വിശേഷണത്തെ മൗദൂദി വ്യാഖ്യാനിക്കുന്നത് കാണുക: "ഒരു സ്ഥലം വിട്ട് മറ്റൊരു സ്ഥലത്തേക്ക് നീങ്ങുക എന്ന സംഗതി അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഇല്ലല്ലോ. അതുകൊണ്ട് ഇതിനെ ഒരു സദൃശശൈലിയിലുള്ള പ്രസ്താവനയായി മാത്രമെ മനസ്സിലാക്കാവൂ. അനുവാചകരെ ഇപ്രകാരം ഗ്രഹിപ്പിക്കലാണ് അതിന്റെ ലക്ഷ്യം. അന്ന് അല്ലാഹുവിന്റെ ശക്തിയുടെയും ഭരണത്തിന്റെയും സർവാധി

പത്യത്തിന്റെയും ലക്ഷണങ്ങൾ പ്രകടമാകും. ഭൗതികലോക ത്തെ ചക്രവർത്തി തിരുമ നസ്സ് കേസുകൾ വിചാരണ ചെയ്യാൻ സൈനികദളങ്ങളാലും ഉദ്യോഗ സ്ഥവ്യൂഹത്തിലും പരിസേവിത നായി ദർബാറിൽ നേരിട്ടെഴുന്ന ള്ളുമ്പോഴുണ്ടാകുന്ന ഭയവും ഭീതിയും ഉണ്ടാവുകയില്ലല്ലോ, അദ്ദേഹം തനിയെ രാജധാനിയി ലാഗതനാകുമ്പോൾ" (തഫ്ഹീ മുൽ ക്വുർആൻ).

തൗഹീദിന് പുതിയ വ്യാ ഖ്യാനം തേടിപ്പോയതിന്റെ ഫല മാണിത്. അല്ലാഹു പറഞ്ഞതി നെ സ്വതാൽപര്യമനുസരിച്ച് വിശദീകരിക്കലാണോ ഇസ്‌ലാം? അന്ത്യനാളിൽ അടിമൾക്കിടയിൽ വിധി നടപ്പിലാക്കുന്നതിനായി അല്ലാഹു വരുന്നതിനെയാണ് 'ശക്തി,' 'ഭരണം,' 'സർവാധിപ ത്യം' എന്നൊക്കെ അർഥം നൽകി വ്യാഖ്യാനിച്ചിരിക്കുന്നത്. ഇതിന് ഇസ്‌ലാമിന്റെ ശരിയായ പാരമ്പര്യ ത്തിൽ ആരാണിവർക്ക് മാതൃക കാട്ടിയിട്ടുള്ളത്?

അല്ലാഹുവിന്റെ വിശേഷണങ്ങ ളിലുള്ള വിശ്വാസികളുടെ സൂക്ഷ്മ നിലപാടിനെക്കുറിച്ച് ഇമാം ബുഖാ രി(റഹി)യുടെ ശൈഖ് നുഐം ഇബ്നു ഹമ്മാദ് അൽഖുസാഇ(റ ഹി) പറഞ്ഞത് ഇവിടെ സൂചിപ്പിക്ക ട്ടെ: "ആരെങ്കിലും അല്ലാഹുവിനെ അവന്റെ സൃഷ്ടിയോട് സാദൃശ്യപ്പെ ടുത്തുകയോ അവനുള്ളതായ വി ശേഷണങ്ങളെ നിഷേധിക്കുകയോ ചെയ്താൽ അവൻ അവിശ്വാസിയാ യി. അല്ലാഹുവും റസൂലും പറഞ്ഞ വിശേഷണത്തിൽ സാദൃശ്യപ്പെടു ത്തലില്ല. വ്യക്തമായ ആയത്തുക ളിലും സ്വീകാര്യമായ ഹദീസുക ളിലും വന്നതിനെ അല്ലാഹുവിന്റെ മഹത്ത്വത്തിന് യോജിക്കുംവിധം സ്ഥിരപ്പെടുത്തി ന്യൂനതകളെ അവനെത്തൊട്ട് ഒഴിവാക്കുന്നതാ രാണോ അവൻ നേർമാർഗികളു ടെ വഴിയിൽ പ്രവേശിച്ചു."

തൗഹീദിൽ മൗദൂദി സാഹിബിന് സംഭവിച്ച പിഴവുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അതൊന്നും ജമാഅത്തെ ഇസ്‌ലാ മിയുടെ ആശയമല്ലെന്ന് പറഞ്ഞ് കൈകഴുകാൻ നോക്കി യാൽ നേതൃത്വം രക്ഷപ്പെടില്ല. 'തഫ്ഹീമുൽ ക്വുർആൻ' വിവർത്തനം നടത്തിയ കേരളഘടകം നേതാക്കളായ ടി.കെ അബ്ദുല്ല, ടി. ഇസ്ഹാഖലി, ടി.കെ ഉബൈദ് എന്നി വരും മറ്റു ഗ്രന്ഥങ്ങൾ മൊഴിമാറ്റം നടത്തിയവരും ഇത്ത രം വിശ്വാസങ്ങൾ ഞങ്ങൾക്കില്ലെന്നും ഇതെല്ലാം അദ്ദേ ഹത്തിന്റ വീഴ്ചകളാണെന്നും ഒരടിക്കുറുപ്പിലൂടെയെങ്കിലും വ്യക്തമാക്കിയത് എവിടെയും കണ്ടിട്ടില്ല. ഈ ഗ്രന്ഥങ്ങ ളെല്ലാം ഇപ്പോഴും അച്ചടിച്ച് വിൽപന നടത്തുന്നതിന്റെ ലക്ഷ്യം ആദർശ പ്രചരണമല്ലാതെ മറ്റെന്താണ്? മൗദൂദി യുടെ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിന് പ്രബോധനം നൽകുന്ന പോരിശകൾ കൂടി കാണുക: "വിശുദ്ധ ക്വുർആ ന് വിവിധതരം തർജമകളും തഫ്സീറുകളും ലഭ്യമാണി പ്പോൾ. എന്നാൽ അവയിൽനിന്നെല്ലാം വ്യതിരിക്തമായ ഒരു ഗ്രന്ഥമാണ് മർഹൂം സയ്യിദ് അബുൽ അഅ്ലാ മൗദൂ ദിയുടെ തഫ്ഹീമുൽ ക്വുർആൻ. വിശുദ്ധ ക്വുർആനിന്റെ സന്ദേശം അനുവാചകഹൃദയത്തിൽ ആഴത്തിൽ വേരോ ടാൻ സഹായകമാണ് തഫ്ഹീമിന്റെ ശൈലി"(1998 സെ പ്റ്റംബർ, പേജ് 12).

പ്രാമാണിക തഫ്സീറുകൾ പ്രാമുഖ്യം നൽകിയ ഇസ്‌ലാ മിന്റെ വിശ്വാസ വിവരണത്തിൽനിന്ന് വേറിട്ട് പുതിയ വി ശ്വാസം മെനഞ്ഞെടുത്തു എന്നതാണ് മൗദൂദിയുടെ 'വ്യ തിരിക്തത' എന്ന് പറയാതെ വയ്യ!

കെ. ഉമർ മൗലവി(റഹി) ഇവരെക്കുറിച്ച് പറഞ്ഞത് ഇവിടെ ഓർക്കാതെ വയ്യ: "ഇസ്‌ലാമിന്റെ തൗഹീദിൽ ജമാ അത്തെ ഇസ്‌ലാമി ഒരു പൊളിച്ചെഴുത്തുതന്നെ നടത്തി യിരിക്കുന്നു. തൗഹീദിൽ അതിഭയങ്കരമായ ബിദ്അത്ത് അവതരിപ്പിച്ചിരിക്കുന്നു. നമ്മുടെ സഹോദരന്മാരാകട്ടെ സാഹിത്യത്തിന്റെ മിനുക്കത്തിൽ കണ്ണുമയങ്ങി വേണ്ടവി ധം പരിശോധിക്കാതെ ഇസ്‌ലാമിന്റെ ഭരണം നടപ്പിൽവ ന്നാൽ വളരെ നല്ലതല്ലേ എന്ന അതിമോഹത്തിന്റെ കനൽ കണ്ട് ഓടാൻ തുടങ്ങി. ഓടിയോടി കുഴയുകയല്ലാതെ ഒരി റ്റ് വെള്ളത്തിന്റെ നനവ് അനുഭവിക്കാൻ കഴിയുകയില്ല. എന്നാൽ ആരാധനാപരമായ ശിർക്കിനെ എതിർക്കുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്താൽ ഇവിടെ യാതൊരു കെട്ടിക്കുടുക്കുമില്ല. പക്ഷേ, അത് കേവലം ശാഖാപരവും നിസ്സാരവുമായി കരുതി സാധ്യമല്ലാത്ത സംഗതി ലക്ഷ്യം വെച്ച് അവർ വട്ടംകറങ്ങുകയും നട്ടംതിരിയുകയും ചെയ്യു ന്നു. വിശദാംശങ്ങൾ ഒട്ടേറെയുണ്ട്.

ചുരുക്കത്തിൽ 'സങ്കൽപവീട്ടിലെ സ്വപ്നജീവികൾ' എന്ന വിശേഷണം ഇവർക്ക് അനുയോജ്യമാകുന്നു. ഈ പിഴവിൽനിന്നും അവരെ ഉണർത്താൻവേണ്ടി ഞാൻ പലേ മാർഗങ്ങളിലും പ്രവേശിച്ചു. ഒന്നും ശരിയായില്ല" (ഓർമക ളുടെ തീരത്ത്, പേജ് 288).

ശാഹുൽ പാലക്കാട്
: 97478 90521



# ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും

02

നിരീക്ഷിക്കപ്പെടുന്ന പ്രതിഭാസങ്ങൾക്കെല്ലാം പിന്നിൽ യുക്തമായ കാരണമുണ്ടെന്ന യുക്തിയിലാണ് ശാസ്ത്രം പ്രവർത്തിക്കുന്നത്. അത്തരം കാരണങ്ങളെ തേടിയുള്ള അന്വേഷണമാണ് ശാസ്ത്രം തന്നെയും എന്ന് പറയാം.

**സെൽഫ് എവിഡന്റ്**

ലോജിക്കിന്റെ പ്രധാനപ്പെട്ട മൂന്നു നിയമങ്ങളിൽ ഒന്നാണ് 'ലോ ഓഫ് എക്സ്ക്ലൂഡഡ് മിഡിൽ' അഥവാ ഒരേസമയം പരസ്പരവിരുദ്ധമായ ഒരു കാര്യം സംഭവിക്കില്ല എന്ന തത്ത്വം. ഉദാ: x എന്ന വ്യക്തിക്ക് ഒരേസമയം നിലനിൽക്കാനും നിലനിൽക്കാതിരിക്കാനും കഴിയില്ല. ഈ നിയമത്തെ ആർക്കെങ്കിലും നിഷേധിക്കാനാവുമോ? വൈരുധ്യാത്മകമായ അത്തരമൊരു കാര്യം സാധ്യമല്ലെന്ന ബോധ്യം സെൽഫ് എവിഡന്റ് ആണെന്നു പറയാം. അതുപോലെതന്നെ സെൽഫ് എവിഡന്റ് ആണ് psrഉം. കാരണമില്ലാതെ കാര്യങ്ങൾ സംഭവിക്കില്ലെന്ന നിഷേധിക്കാനാവാത്ത സ്വയം ബോധ്യമാണ് psr.

**നിരീക്ഷണങ്ങൾ**

psr തെറ്റാണെങ്കിൽ സ്വാഭാവികമായും എന്തായിരിക്കും സംഭവിക്കുക? കാര്യകാരണ ബന്ധങ്ങൾ ഏതുമില്ലാത്ത ലോകത്തായിരിക്കും പിന്നെ നാം ഉണ്ടാവേണ്ടത്. അത്തരമൊരു ലോകത്ത് ഒരു കാര്യത്തിനും ഒരു വിശദീകരണവും ഉണ്ടായിരിക്കുന്നതല്ല. എന്തും ശൂന്യതയിൽനിന്നും എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കാം. കാരണം ഏതുമില്ലാതെ എന്തും ശൂന്യതയിലേക്ക് അപ്രത്യക്ഷമാവുകയും ചെയ്യാം. പ്രപഞ്ചത്തിൽ എവിടെയും നിത്യമായി ഒന്നും ഉണ്ടാവില്ല. ക്രമരഹിതമായ കാര്യങ്ങൾകൊണ്ട് വിരസമായ ഒരിടമായിരിക്കും അത്തരമൊരു ലോകം. ഏതെങ്കിലുമൊരു

കാര്യത്തിന് കാരണമില്ലാതെ സംഭവിക്കാമെങ്കിൽ അനേകായിരം കാര്യങ്ങൾക്കും കാരണമില്ലാതെ സംഭവിക്കാമല്ലോ. ഒരു ആറ്റത്തിന് കാരണമില്ലാതെ ശൂന്യതയിൽനിന്നും പ്രത്യക്ഷപ്പെടാമെങ്കിൽ ഒരു ദശലക്ഷം ആറ്റങ്ങൾക്കും അങ്ങനെ പ്രത്യക്ഷപ്പെടാം.

പട്ടിക്കും പൂച്ചക്കും നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും ഗാലക്സികൾക്കും കാരണമേതുമില്ലാതെ പ്രത്യക്ഷമോ അപ്രത്യക്ഷമോ ആവാം. ഇത് സാധ്യമാണെന്ന് കരുതുന്ന ആരെങ്കിലും നാസ്തികർക്കിടയിൽ ഉണ്ടെന്ന് തോന്നുന്നില്ല. ഏതായാലും നാം നിലനിൽക്കുന്ന ലോകത്ത് psr ഖണ്ഡിക്കപ്പെടുന്ന വിചിത്ര അവസ്ഥകൾ സംഭവിക്കുന്നില്ല. അതിനർഥം കാരണങ്ങളെ അനുസരിച്ചുതന്നെയാണ് കാര്യങ്ങൾ സംഭവിക്കുന്നത് എന്നാണ്.

റിച്ചാർഡ് ഡോക്കിൻസ് എന്ന വ്യക്തി ചിലപ്പോൾ ശൂന്യതയിൽ നിന്ന് കാരണമേതുമില്ലാതെ പ്രത്യക്ഷപ്പെട്ടതാകാം എന്ന് വാദിക്കുന്ന ഒരാളെ നാസ്തികർതന്നെ പിടിച്ച് ഭ്രാന്താശുപത്രിയിൽ ആക്കാനാണ് സാധ്യത. psr അനുസരിച്ചല്ലാതെ കാര്യങ്ങൾ സംഭവിക്കാമെന്ന് വിശ്വസിക്കുന്ന ഒരു മനുഷ്യനും പൂർണമായി ഒരു കാര്യത്തിന് വിശദീകരണം തേടാനാവില്ല എന്ന പ്രശ്നവും ഉദിക്കുന്നുണ്ട്. psr നിഷേധിക്കുന്ന ഒരു വ്യക്തിക്ക് എങ്ങനെയാണ് തന്റെ ബാങ്ക് ബാലൻസ് കാണാതായത് എന്ന് ചോദിക്കാനാവുക? കാരണമില്ലാതെ എന്തും സംഭവിക്കാമെങ്കിൽ ബാങ്ക് ബാലൻസ് കാണാതാവുകയും സംഭവിക്കാമല്ലോ!

### ശാസ്ത്രം

നിരീക്ഷിക്കപ്പെടുന്ന പ്രതിഭാസങ്ങൾക്കെല്ലാം പിന്നിൽ യുക്തമായ കാരണമുണ്ടെന്ന യുക്തിയിലാണ് ശാസ്ത്രം പ്രവർത്തിക്കുന്നത്. അത്തരം കാരണങ്ങളെ തേടിയുള്ള അന്വേഷണമാണ് ശാസ്ത്രം തന്നെയും എന്ന് പറയാം. എന്തുകൊണ്ടാണ് വസ്തുക്കൾ എപ്പോഴും താഴോട്ടു പതിക്കുന്നത് എന്ന ചോദ്യത്തിൽനിന്നാണ് ഗുരുത്വാകർഷണത്തെ കണ്ടെത്തുന്നത്. എന്തുകൊണ്ട് ഗുരുത്വാകർഷണം പ്രവർത്തിക്കുന്നുവെന്നുകൂടെ ചോദിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഗ്രാവിറ്റോൺ കണികകളെയും സ്ഥലകാല വക്രതയെയും അതിനുകാരണമായി പറയാൻ ശാസ്ത്രത്തിന് കഴിയുന്നതും. ഏതൊന്നിനും പിറകിൽ യുക്തമായ കാരണങ്ങൾ ഉണ്ടെന്ന തത്ത്വത്തെ അംഗീകരിച്ച് പ്രവർത്തിക്കുന്ന ശാസ്ത്രത്തിനാൽ യാഥാർഥ്യങ്ങൾ വിശദീകരിക്കാൻ കഴിയുന്നുണ്ട്. ഇത് തെളിയിക്കുന്നത് psr ശരിയാണെന്നാണ്.

ഉദാ: 'x' എന്ന പുതിയ ഒരുതരം പകർച്ചവ്യാധി ഉണ്ടായി എന്ന് കരുതുക. ശാസ്ത്രം അതിന് കാരണമന്വേഷിക്കും. കൊറോണക്ക് കാരണം കോവിഡ്-19 വൈറസ് ആണെന്ന് ശാസ്ത്രം കണ്ടെത്തുന്നത് ഇങ്ങനെയാണ്. ഇതിൽനിന്നും കോവിഡ്-19 വൈറസ് ബാധിക്കുന്ന മനുഷ്യർക്ക് അധികവും ഈ രോഗമുണ്ടാകാം എന്ന് പ്രവചിക്കാനും ശാസ്ത്രത്തിനു കഴിയും. ഈ പ്രവചനം സത്യമാകുന്നതും നാം കണ്ടതാണ്. ശാസ്ത്രത്തിന് ഒന്നിന്റെ കാരണത്തെ കണ്ടെത്താൻ കഴിയുന്നതും അത് ഉപയോഗിച്ച് ചില കാര്യങ്ങളെ പ്രവചിക്കാൻ കഴിയുന്നതും തെളിയിക്കുന്നത് psr ശരിയാണെന്നാണ്.

**psrനെ നിഷേധിക്കുന്ന ഒരു വ്യക്തിക്ക് അനുഭവജ്ഞാന വാദത്തെയും കയ്യൊഴിയേണ്ടിവരും. എന്തുകൊണ്ടെന്നാൽ മനുഷ്യന് ജ്ഞാനേന്ദ്രിയങ്ങൾവഴി ചില അനുഭവങ്ങൾ ഉണ്ടാകുന്നത് അതിനു കാരണമായി ബാഹ്യലോകം പ്രവർത്തിക്കുന്നതുകൊണ്ടാണ് എന്ന തത്ത്വത്തെ ആശ്രയിച്ചാണ്** empiricism **പ്രവർത്തിക്കുന്നത്.**

ഒരു നാസ്തികൻ psrനെ നിഷേധിക്കുന്നുവെന്ന് കരുതുക. ആ വ്യക്തി ശാസ്ത്രംതന്നെ തെറ്റാണെന്നും അതിന്റെ ജ്ഞാന മാർഗരീതി ശരിയല്ലെന്നുമാണ് പറയുന്നത്. അങ്ങനെയൊരു വ്യക്തിക്ക് പരിണാമത്തെയും സ്വാഭാവികമായും നിഷേധിക്കേണ്ടതായിവരും. കാരണം നിലനിൽ

ക്കുന്ന ജീവജാലങ്ങൾ എങ്ങനെ നിലവിൽ വന്നുവെന്ന ചോദ്യത്തിന് ഉത്തരം നൽകാനുള്ള ശാസ്ത്ര ശ്രമങ്ങളുടെ ഫലമാണ് പരിണാമസിദ്ധാന്തം. ഒരു കാരണവുമില്ലാതെ കാര്യങ്ങൾ സംഭവിക്കാമെങ്കിൽ മനുഷ്യനും ജന്തുക്കളുമൊക്കെ ഒരു കാരണവുമില്ലാതെ സംഭവിക്കാം. psrനെ നിഷേധിക്കുന്ന ഒരു വ്യക്തിക്ക് ശാസ്ത്രത്തെയോ ശാസ്ത്രസിദ്ധാന്തങ്ങളെയോ ആശ്രയിക്കാനാവില്ല. പ്രകൃതിയെയോ പ്രകൃതിനിയമങ്ങളെയോ വിശ്വസിക്കാനാവില്ല.

### എപ്പിസ്റ്റമോളജി

psrനെ നിഷേധിച്ചാൽ ഉണ്ടാകാവുന്ന മറ്റൊരു പ്രതിസന്ധി മനുഷ്യനെ പൂർണ സംശയവാദത്തിലേക്കത് കൊണ്ടെത്തിക്കും എന്നതാണ്. അറിവന്വേഷണത്തിനായി ഒരു മാർഗത്തെയും ആശ്രയിക്കാനാവില്ല എന്ന തീർപ്പിലേക്കത് ചെന്നെത്തുന്നുണ്ട്. ഉദാ: നാസ്തികർ പ്രധാന ജ്ഞാനമാർഗരീതിയായി പരിചയപ്പെടുത്താറുള്ളത് empiricism ആണ്. നേരിട്ടുള്ള നിരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന അറിവുകളെ മാത്രമെ സംശയരഹിതമായി എടുക്കാൻ കഴിയൂ എന്ന നിലപാടാണിത്. എന്നാൽ psrനെ നിഷേധിക്കുന്ന ഒരു വ്യക്തിക്ക് അനുഭവജ്ഞാന വാദത്തെയും കയ്യൊഴിയേണ്ടിവരും. എന്തുകൊണ്ടെന്നാൽ മനുഷ്യന് ജ്ഞാനേന്ദ്രിയങ്ങൾവഴി ചില അനുഭവങ്ങൾ ഉണ്ടാകുന്നത് അതിനു കാരണമായി ബാഹ്യലോകം പ്രവർത്തിക്കുന്നതുകൊണ്ടാണ് എന്ന തത്ത്വത്തെ ആശ്രയിച്ചാണ് empiricism പ്രവർത്തിക്കുന്നത്.

ഇവിടെ ബാഹ്യലോകം കാരണവും അനുഭവങ്ങൾ അതിന്റെ ഫലവുമാണ്. കാര്യകാരണബന്ധത്തിൽ പ്രവർത്തിക്കുന്ന ഈ ജ്ഞാനമാർഗത്തെ, കാര്യകാരണബന്ധത്തെ നിഷേധിക്കുന്ന ഒരാൾക്ക് എങ്ങനെയാണ് ഉൾക്കൊള്ളാനാവുക? അഥവാ psrനെ നിഷേധിക്കുന്ന വ്യക്തിയുടെ ജ്ഞാനമാർഗം psrനെ അനുസരിച്ചാകുന്നത് വൈരുധ്യമാണ്.

സാധാരണയായി സന്ദേഹവാദത്തിന് ന്യായമായി Deceiving demon, manipulating brain programme തുടങ്ങിയ ചിന്താപരീക്ഷണങ്ങൾ പറയാറുണ്ട്. മനുഷ്യന് ഉണ്ടാകുന്ന അനുഭവങ്ങൾ തെറ്റാകാനുള്ള മറ്റു കാരണങ്ങൾ എന്ന നിലയ്ക്കാണ് ഇവയിൽ സൂപ്പർ കമ്പ്യൂട്ടറിനെയും പിശാചിനെയും ഉദാഹരിക്കുന്നത്. എന്നാൽ അവയുടെപോലും ആവശ്യമില്ലാതെ മനുഷ്യന്റെ അനുഭവങ്ങൾ തെറ്റാകാമെന്ന് സമ്മതിക്കുക മാത്രമാണ് psrനെ നിഷേധിക്കുന്ന വ്യക്തിക്ക് മുന്നിലുള്ള വഴി. കാരണമില്ലാതെ എന്തും സംഭവിക്കാമെങ്കിൽ ഒരു മനുഷ്യന് തന്റെ അനുഭവങ്ങളും കാരണമില്ലാതെ ഉണ്ടാകാമല്ലോ. ഒരു ആപ്പിളിനെ കാണുമ്പോൾ ആപ്പിൾ കാണുന്നതായുള്ള അനുഭവം മനുഷ്യന് ഉണ്ടാകുന്നത് മസ്തിഷ്കത്തിലാണ്. ന്യൂറോണുകളുടെ കൂട്ടമായ പ്രവർത്തനമാണ് മനുഷ്യന് ആ അനുഭവം നൽകുന്നത്.

psrനെ ഒരു വ്യക്തി നിഷേധിക്കുന്നുവെങ്കിൽ കാരണമില്ലാതെ ഈ ന്യൂറോൺ പ്രവർത്തനങ്ങൾ സംഭവിക്കാം എന്നുകൂടിയാണ് ആ വ്യക്തി സമ്മതിക്കുന്നത്. ബാഹ്യകാരണം ഏതുമില്ലാതെ ന്യൂറോണുകൾക്ക് പ്രവർത്തിക്കാമെങ്കിൽ അവമൂലം എന്ത് അനുഭവവും മനുഷ്യന് ലഭിക്കാം.

ഒരു ആപ്പിളിനെ നേരിൽ കാണാതെതന്നെ അത് കാണുന്നതായുള്ള തോന്നൽ മസ്തിഷ്കം നിർമിച്ചുകൊണ്ടിരിക്കാം. തനിക്കുണ്ടാകുന്ന അനുഭവങ്ങൾക്ക് കാരണം യഥാർഥത്തിൽ അവ സംഭവിക്കുന്നതാണെന്ന തീർപ്പിനെ ആശ്രയിക്കാൻ psr നിഷേധിച്ചാൽ ആവില്ല. ചുരുക്കത്തിൽ, psrനെ നിഷേധിക്കുന്ന ഒരു വ്യക്തിക്ക് സ്വന്തത്തെതന്നെ വിശ്വസിക്കാനാവില്ല, യുക്തിയെ ഉപയോഗിക്കാനാവില്ല. ഇവയിൽനിന്നും മനസ്സിലാകുന്ന കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1) നിരീക്ഷണങ്ങൾ തെളിയിക്കുന്നത് psr അനുസരിച്ചാണ് ഭൗതികലോകം പ്രവർത്തിക്കുന്നത് എന്നാണ്.
2) psr ശരിയല്ലെങ്കിൽ ക്രമസ്വഭാവമുള്ള ഈ ലോകം നിലനിൽക്കില്ല. എന്തും എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കാം.
3) psr അനുസരിച്ച് പ്രവർത്തിക്കുന്ന ശാസ്ത്രത്തെക്കൊണ്ട് ശരിയിലെത്താൻ കഴിയുന്നുണ്ട്. അതിനർഥം psr ശരിയാണെന്നാണ്.
4) psr അനുസരിച്ച് മനുഷ്യന്റെ അനുഭവങ്ങൾ യാഥാർഥ്യവുമായി ഒത്തുപോകുന്നുണ്ട്. psr ശരിയാണെന്ന് ഇത് തെളിയിക്കുന്നു.
5) psr ഉപയോഗിച്ചുള്ള യുക്തികൊണ്ട് ശരിയിലെത്താൻ കഴിയുന്നുണ്ട്. ഇത് psr ശരിയാണെന്ന് തെളിയിക്കുന്നു. ■





അബൂഫായിദ

# പുലരിയുടെ സൗന്ദര്യം

കിടന്നുറങ്ങാം നേരത്തെ
മറന്നിടല്ലേ പ്രാർഥനകൾ
പുലരി വരുംമുമ്പുണരേണം
അത് നാം പതിവായ് മാറ്റേണം
ശുദ്ധിവരുത്തണമെല്ലാരും
അതിനൊട്ടും മടി കാട്ടല്ലേ
സുബ്ഹി നമസ്കാരത്തിന്നായ്
പള്ളിയിലെത്താൻ നോക്കേണം
പ്രാർഥനകൾ പതിവാക്കേണം
ക്വുർആൻ നിത്യവുമോതേണം
പുലരി വരും മുമ്പെഴുന്നേറ്റാൽ
പുലരി വരുന്നത് കാണാലോ
പുലരിത്തങ്കപ്പട്ടുറുമാൽ
പുതച്ച കാഴ്ചകൾ കാണാലോ
മഞ്ഞു പുതച്ചു മയങ്ങീടും
പൂന്തോട്ടച്ചിരി കാണാലോ
പലവിധ പക്ഷിക്കൂട്ടങ്ങൾ
പാടും പാട്ടുകൾ കേൾക്കാലോ
പുലരിയിലെത്തും പൂങ്കാറ്റിൻ
കുളിരേറ്റൊന്ന് രസിക്കാലോ
ഗൃഹപാഠങ്ങൾ ഓരോന്നായ്
ചെയ്യാം പുലരിയിൽ നന്നായി

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
**25% വിലക്കിഴിവിൽ**




CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
10 FEBRUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# വ്യവസ്ഥാപിത മതപഠനത്തിന്റെ പത്ത് വർഷങ്ങൾ...!!

SCHOOL OF Qur'an

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA



## രജിസ്ട്രേഷൻ ആരംഭിച്ചു

### സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000
സന്ദർശിക്കുക: www.schoolofquran.in

- ☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- ☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ
- ☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917

**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in www.schoolofquran.in